# 3

# കൊലൊസ്യർക്കുവേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥന

## കൊലൊസ്യർ 1:9-14

അവർക്കു ലഭിച്ച അനുഗ്രഹങ്ങൾക്ക് പൗലൊസ് പ്രാർത്ഥനയിൽ സ്തോത്രം അർപ്പിച്ചതായി കൊലൊസ്യയിലെ ക്രിസ്ത്യാനികളോടു പറഞ്ഞു (1:3-8). വാക്യം 9 മുതൽ 14 വരെ, ആത്മീയ ഉൾക്കാഴ്ച്ചക്കും സൽപ്രവൃത്തികളുടെ ഫല പ്രാപ്തിക്കും വേണ്ടി അവൻ പ്രാർത്ഥിച്ചു. വെളിച്ചത്തിലുള്ള വിശുദ്ധന്മാരോടൊപ്പം അവകാശം പങ്കിട്ട് ക്ഷമയോടെ, ദൈവത്തെ സന്തോഷത്തോടുകൂടി സേവിക്കുവാൻ ആയിരുന്നു അവൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചത് (വാ. 11, 12). അവർ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കപ്പെടുകയും, പാപ മോചനം ലഭിച്ചതിനാൽ യേശുവിന്റെ രാജ്യത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

### അവരുടെ പരിജ്ഞാനവും ആത്മീയമായ വിവേകവും (1:9)

**9അതുകൊണ്ട് ഞങ്ങൾ അതു കേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു, കർത്താവിന് യോഗ്യമാം വണ്ണം നടന്ന് ആത്മീയമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനത്തിലും നിറഞ്ഞുവരേണം എന്നും പ്രാർത്ഥിക്കുന്നു.**

**"അതുകൊണ്ട് ഞങ്ങൾ അതു കേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു" (1:9)**

പൗലൊസും തന്റെ കൂടെ ഉണ്ടായിരുന്നവരും, എപ്പഫ്രാസിൽ നിന്ന്, അവരുടെ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ കേട്ടറിഞ്ഞ നാൾമുതൽ കൊലൊസ്യർക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു (1:3-8). വില്യം ഹെൻട്രിക്സൺ എഴുതി, "ആ മനോഗുണങ്ങളെ യോജിപ്പിച്ചു നോക്കിയാൽ അപ്പൊസ്തലൻ പ്രാർത്ഥിച്ചത്, അവർ വിവേകത്തിലും, പരിജ്ഞാനത്തിലും, ശക്തിയിലും, സഹിഷ്ണുതയിലും, ദീർഘക്ഷമയിലും, സന്തോഷത്തിലും, നന്ദിയിലും, സ്നേഹത്തിലും വർദ്ധിച്ചു വരേണ്ടതിനാണ് എന്നു മനസിലാകും."[1]

ഈ ഭാഗത്ത് ആ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിച്ചതിൽ സഭയുടെ വലിയ വളർച്ചയും ഉൾപ്പെടുത്തിയിരുന്നു. ക്രിസ്ത്യാനികൾ സഹക്രിസ്ത്യാനികൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അതുപോലെ പരിശ്രമിച്ചുകൊണ്ടാണ് പ്രാർത്ഥിക്കേണ്ടത് (**ഇടവിടാതെ പ്രാർത്ഥിക്കുക** എന്നതിനെക്കുറിച്ച് കൂടുതൽ അറിയുവാൻ, 1:3 ന്റെ വിശദീകരണം നോക്കുക).

പൗലൊസ് തന്റെ പ്രാർത്ഥനയിൽ കൊലൊസ്യരെ മാത്രമല്ല ഉൾപ്പെടു

ത്തിയിരുന്നത്, തന്റെ മറ്റ് ലേഖനങ്ങളിൽ അനേകം സഭകൾക്കും ക്രിസ്ത്യാനികൾക്കും വേണ്ടി പ്രാർത്ഥിച്ചിരുന്നു.[2] അവൻ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ, കൊലൊസ്യരോടും (4:3, 4) മറ്റുള്ളവരോടും തനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു.[3]

വാക്യങ്ങൾ 9 മുതൽ 14 വരെ പ്രാർത്ഥിച്ചവരുടെ വ്യക്തിപരമായ സ്വഭാവ വിശേഷതകൾ നൽകിയിരിക്കുന്നു: (1) പ്രാർത്ഥനക്ക് ഉത്തരം നൽകുവാൻ ദൈവത്തിൽ വിശ്വസിക്കുക; (2) പ്രാർത്ഥനക്ക് ഉത്തരം നൽകുവാനുള്ള അവന്റെ ശക്തിയിൽ വിശ്വസിക്ക; (3) അവനോട് ഉറ്റ ബന്ധം പുലർത്തുക; (4) താൽപര്യം, കരുതൽ, സ്നേഹം എന്നിവ മറ്റുള്ളവരോട് ഉണ്ടായിരിക്കണം; (5) തുടർച്ചയായി പ്രാർത്ഥനയിൽ ഉറ്റിരിക്കുക; (6) യാചനകൾ പ്രത്യേകമായിരിക്കുക; (7) ഒരു ക്രിയാത്മക മനോഭാവം; (8) ആത്മീയ വളർച്ചക്ക് സാദ്ധ്യമായ വിശ്വാസം ആർജിക്കുക; (9) ആത്മീയ ആവശ്യങ്ങളെക്കുറിച്ചുള്ള കരുതൽ; (10) ആത്മാവിന്റെ അടിസ്ഥാന ആവശ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച.

പൗലൊസും കൂട്ടരും കൊലൊസ്യർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ നാല് ആവശ്യങ്ങളാണ് ഉന്നയിച്ചത്. ഒന്ന്, ആ സഹോദരങ്ങൾക്ക് *ആത്മീയ ഉൾക്കാഴ്ച* ഉണ്ടാകേണ്ടതിനും, "പരിജ്ഞാനത്തിൽ ... നിറയുവാനും" "ആത്മീക വിവേകവും," ദൈവേഷ്ടത്തെക്കുറിച്ചുള്ള "മനസിലാക്കലിനും" (വാ. 9). അവർ *യോഗ്യമായി നടക്കുവാൻ* അവൻ അവർക്കായി പ്രാർത്ഥിച്ചു. അവരുടെ നടപ്പ് ദൈവേഷ്ടപ്രകാരം അവനെ പ്രസാദിപ്പിക്കുന്നതിനും ഫലം പുറപ്പെടുവിക്കുന്നതിനും ആയിരുന്നു (വാ. 10), മൂന്ന്, *ആത്മീക ശക്തിയാൽ,* ദൈവത്തിന്റെ ബലത്താൽ കൊലൊസ്യരെ ശക്തിപ്പെടുത്തുവാനും അവർ പ്രാർത്ഥിച്ചു (വാ. 11). നാല്, *സ്തോത്രത്തോടുകൂടി സന്തോഷം* അനുഭവിക്കുന്നതിനു വേണ്ടിയാണ് അവർ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിച്ചത് (വാ. 11, 12). ആ നാല് ആവശ്യങ്ങളെ നമുക്ക് കൂടുതലായി പരിശോധിക്കാം.

### "ആത്മീയമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനത്തിലും നിറഞ്ഞുവരേണം എന്നും പ്രാർത്ഥിക്കുന്നു" (1:9)

**അവന്റെ ഇഷ്ടത്തിന്റെ** ... [*പ്ലെരു*] സഹോദരന്മാർ **നിറഞ്ഞു** വരുവാനാണ് അപ്പൊസ്തലന്മാർ ആഗ്രഹിച്ചത്. *പ്ലെരു* എന്നതിന്റെ വിവിധ രൂപങ്ങൾ പ്രവചന നിറവേറൽ പ്രകടിപ്പിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു (മത്താ. 1:22; 2:15), സമയം കടന്നു പോകുന്നതിനും (മർ. 1:15), ഒരു പ്രവൃത്തി അല്ലെങ്കിൽ ദൗത്യം പൂർത്തിയാകലിനും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്താ. 13:48; യോഹ. 7:8). പ്രത്യേക യോഗ്യതാ വാക്കുകളായ പരിജ്ഞാനം, വിവേകം, സന്തോഷം, അല്ലെങ്കിൽ ദുഃഖം എന്നിവയേയും ആ വാക്ക് അർത്ഥമാക്കുന്നു.[4]

കൊലൊസ്യർ, അവന്റെ ഇഷ്ടത്തിലും പരിജ്ഞാനത്തിലും, ആത്മീക വിവേകത്തിലും പൂരിതമായി തീരുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. അവർ തികഞ്ഞ ആത്മീക പരിജ്ഞാനത്തിലും അവന്റെ ഇഷ്ടം ഗ്രഹിക്കുന്നതിലും പൂർണ്ണതയുള്ളവരാകുവാനാണ് അവൻ ആഗ്രഹിച്ചത്. ശരിയായ പരിജ്ഞാനമില്ലാതെ ദൈവത്തെ സേവിക്കുവാൻ കഴിയുകയില്ല (റോമ. 10:1–3).

**പരിജ്ഞാനം** എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക്, (*എപ്പിഗ്നോസിസ്*), അർത്ഥം ശരിയായി അറിയുക, മുഴുവനായും, കൃത്യമായും മനസിലാക്കുകയും പഠിപ്പിച്ചത് പരിശീലിക്കയും ചെയ്യുക എന്നതാണ് (വാ. 6 നോക്കുക).

അതിൽ *നോസിസ്* എന്ന വാക്കിനേക്കാൾ തികഞ്ഞ അർത്ഥം ഉൾപ്പെടുന്നു (2:3), അത് ബുദ്ധിപരമായി ഗ്രഹിക്കുന്നതിനെയാണ് പറയുന്നത്. ആ വാക്ക് തികഞ്ഞ വേദശാസ്ത്ര വിവരം നൽകുന്നതായിട്ടല്ല പറയുന്നത്, പഠിച്ചതും ഗ്രഹിച്ചതും, അനുഭവിച്ചതും ആയ ആശയത്തെയാണ് സൂചിപ്പിക്കുന്നത്. ബൈബിൾ ആശയത്തോട് ബന്ധപ്പെടുത്തി, ചിന്തിക്കുമ്പോൾ, അതിന്റെ അർത്ഥം യേശുവിന്റെ ഉപദേശം അനുസരിച്ചുള്ള ദൈവേഷ്ടപ്രകാരം ഉൾക്കാഴ്ചയോടെ ജീവിക്കുന്നതിനെയാണ് പറയുന്നത് (എബ്രാ. 5:14 നോക്കുക.)

യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്നാണ് ശലോമോൻ എഴുതിയത് (സദൃശ. 1:7; 9:10 നോക്കുക). വിവരം ലഭിക്കുന്നതിൽ കൂടെയാണ് പരിജ്ഞാനം വരുന്നത്, അത് നിർദ്ദേശം വഴിയോ, അല്ലെങ്കിൽ നിരീക്ഷണത്തിൽക്കൂടെയോ, അനുഭവത്തിൽകൂടെയോ ആകാം. അറിവ് ഉപയോഗിക്കുന്നത് മുഖാന്തരമാണ് ഉൾക്കാഴ്ച്ചയും വിവേകവും ലഭിക്കുന്നത്. ഒരാൾ തന്റെ മനസ്സിൽ മനസിലാക്കിയത് മറ്റൊരാൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതാണ് പരിജ്ഞാനം. ആത്മാവ് മുഖാന്തരമാണ് അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ദൈവം തന്റെ ചിന്തകൾ വെളിപ്പെടുത്തിക്കൊടുത്തത് (എഫെ. 3:3–5).

പൗലൊസും കൂട്ടരും കൊലൊസ്യർക്ക് **ആത്മീക വിവേകവും** (*ന്യൂമാറ്റൈക്ക് സൊഫിയ*) **മനസിലാക്കലും** (*സുനേസിസ്*) വരേണ്ടതിനു പ്രാർത്ഥിച്ചു. തിരുവെഴുത്തിൽ ആ മനോഗുണങ്ങളെല്ലാം ഒന്നിച്ചാണ് പറഞ്ഞിരിക്കുന്നത് (പുറ. 31:3; 35:31; ആവ. 4:6; 2 ദിന. 1:10, 12) സദൃശവാക്യങ്ങളിൽ അത് ഉയർന്ന വാഴ്ത്തലിനായിട്ടും ഉപയോഗിച്ചിരിക്കുന്നു (1:2; 2:2, 6; 3:13; 4:5, 7).

അറിവിന്റെ അടിസ്ഥാനത്തിൽ ശരിയായ തീരുമാനം വളർത്തി എടുക്കാവുന്ന കഴിവിനെയാണ് "വിവേകം" എന്നു പറയുന്നത്. പൗലൊസ് "വിവേകം" എന്നത് ഈ ലേഖനത്തിൽ മറ്റൊരു ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു (1:28; 2:3; 3:16; 4:5). ബുദ്ധികൊണ്ട് വസ്തുതകളെ അറിയുന്നത് വിവേകമാകണമെന്നില്ല. "പരിജ്ഞാനം" ആത്മീക വിവേകത്താലും മനസിലാക്കലിനാലും വരുന്നതാണ്. പ്രായോഗികതയും ആത്മീകമായ ഉൾക്കാഴ്ച്ചയും ഇല്ലാത്ത പരിജ്ഞാനമല്ല ദൈവം ആഗ്രഹിക്കുന്നത്. അവന്റെ വെളിപ്പാട് ആത്മീയമാണ് (1 കൊ. 2:13), അത് മാനുഷികമായ മനസിലാക്കലിൽ നിന്നുള്ള വിവേകത്തിൽ നിന്ന് വ്യത്യസ്തമാണ്. ലോകത്തിന്റെ വിവേകം (അല്ലെങ്കിൽ തത്വം) ദൈവസന്നിധിയിൽ ഭോഷത്വമാണ് (1 കൊ. 1:20). ഭൗതികമായ കാര്യങ്ങളെക്കുറിച്ചുള്ള വിവേകത്തിലുപരി കൊലൊസ്യർ അറിയണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത്.

ദൈവീക പരിജ്ഞാനം വരുന്നത് ദൈവത്തിന്റെ വെളിപ്പാടിനാലാണ് അത് ബൈബിളിൽ കാണാം നാം പ്രാർത്ഥിക്കുന്നതിനാലും (യാക്കൊ. 1:5), അവന്റെ വചനം വായിക്കുന്നതിനാലും അവന്റെ കല്പനകൾ പ്രമാണിക്കുന്നതിനാലും ദൈവം ആത്മീക വിവേകം വളർത്തും (സങ്കീ. 19:7; 119:98). മനുഷ്യരുടെ യോഗ്യതയാലോ അല്ലെങ്കിൽ പരിശ്രമത്താലോ അല്ല, ദൈവത്തിന്റെ കരുണയാൽ ലഭിക്കുന്നതാണ് **സകല** "ആത്മീക വിവേകവും പരിജ്ഞാനവും".

### അവരുടെ ക്രിസ്തീയ നടപ്പും ഫലം കായ്ക്കലും (1:10)

**10 നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിന് യോഗ്യമാംവണ്ണം നടന്നു, ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റ**

**ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും.**

**"നിങ്ങൾ പൂർണ്ണപ്രസാദത്തിന്നായി**
**കർത്താവിനു യോഗ്യമായി നടക്കേണമെന്നും" (1:10)**

കൊലൊസ്യർക്കു വേണമെന്നു പൗലൊസ് ആഗ്രഹിച്ച നാല് പ്രയോഗങ്ങൾ ഇവയാണ് (1) "കർത്താവിനു യോഗ്യമാം വണ്ണം നടക്കുക," (2) "സകലത്തിലും അവനെ പ്രസാദിപ്പിക്കുക," (3) "സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കുക," (4) "ദൈവത്തിന്റെ പരിജ്ഞാനത്തിൽ വളരുക."

മുകളിൽ പറഞ്ഞ നാല് ഗുണങ്ങൾ അവരിൽ വരുവാനായി അവൻ പ്രാർത്ഥിക്കുന്നതിനു മുമ്പ് ആത്മീക വിവേകം അവരിൽ ഉണ്ടാകുവാനായി അവൻ പ്രാർത്ഥിച്ചിരുന്നു. ആ ആത്മീക മനോഗുണങ്ങൾ ഉള്ള ജീവിതം നയിക്കുന്നതിനാണ് ആത്മീകമായ വിവേകം. അഭക്തവും സങ്കീർണ്ണവുമായ ലോകത്തിൽ കൊലൊസ്യർ ഉൾക്കാഴ്ച്ചയോടെ ദൈവത്തിന് സ്വീകാര്യമായ ജീവിതം നയിക്കേണ്ടിയിരുന്നു. യിസ്രായേലിനെ വിവേകത്തോടെ ഭരിക്കുവാൻ ഈ ഗുണങ്ങൾക്കുവേണ്ടി ശലോമോൻ ദൈവത്തോട് അപേക്ഷിച്ചു (2 ദിന. 1:10).

**നടപ്പ്** എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയത് ആത്മീക നടപ്പാണ്-ദൈവഭക്തിയുള്ള ജീവിതം-അല്ലാതെ ഭൗതികമായ നടപ്പല്ല. നടപ്പ് എന്ന വാക്ക് ആലങ്കാരികമായി വിവരിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്ന രീതിയായിട്ടാണ് യേശു ഉപയോഗിച്ചത് (യോഹ. 8:12; 12:35). ദൈവത്തെയും അവന്റെ ഇഷ്ടത്തെയും മനസിലാക്കിയാണ് ക്രിസത്യാനികൾ അവനെ സ്നേഹിക്കയും അനുസരിക്കയും ചെയ്യുന്നത് (യോഹ. 14:15), അങ്ങനെ അവന് യോഗ്യമാം വണ്ണം നടക്കുവാൻ കഴിയും.

ക്രിസ്തീയ ജീവിതത്തെ രൂപകാലങ്കാരമായി പൗലൊസ് "നടപ്പ്" എന്ന വാക്ക് അടിക്കടി ഉപയോഗിച്ചിരിക്കുന്നു.[5] നടപ്പിൽ പ്രവൃത്തിയും അന്തർലീനമായിരിക്കുന്നു. ക്രിസ്തീയ ജീവിതം നിശ്ചലമായ ഒന്നല്ല, യേശുവിനുള്ള സേവനം അവർ തുടർച്ചയായി അനുഷ്ഠിക്കേണ്ടതാണ്. അവന്റെ അനുയായികളോട് നടക്കുവാനും, നിൽക്കുവാനും പറഞ്ഞിരിക്കുന്നു,[6] ഒരിക്കലും ഇരിക്കുവാൻ പറഞ്ഞില്ല.

"യോഗ്യമാംവണ്ണം" ഉള്ള പ്രവൃത്തി പൗലൊസിന് പ്രാധാന്യമുള്ളതായിരുന്നു. അവനെഴുതി, "... ഞാൻ ... പ്രബോധിപ്പിക്കുന്നത് നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം നടപ്പിൻ" (എഫെ. 4:1). ദൈവത്തിന്റെ ദാനങ്ങൾക്കോ അല്ലെങ്കിൽ ദൈവത്തിൽനിന്ന് യോഗ്യമാകുന്നതിനോ ഉള്ള ഒന്നല്ല ക്രിസ്തീയ നടപ്പ്. യേശുവിന്റെ ശിഷ്യന്മാരെല്ലാവരും, പൗലൊസിനെപ്പോലെ, അവർ ആയിരിക്കുന്നത് ദൈവകൃപയാലാണ് (1 കൊ. 15:10). **കർത്താവിന് യോഗ്യമായി നടക്കുന്നവർ** ദൈവ മഹത്വം പ്രതിഫലിപ്പിക്കുന്നവരായിരിക്കും. ഒരു രാഷ്ട്രീയക്കാരൻ ഭോഷ്ക്ക് പറയുകയും, വഞ്ചിക്കുകയും, തന്റെ ഔദ്യോഗികമായ ജോലികൾ നിർവഹിക്കാതിരിക്കുകയും ചെയ്യുമ്പോൾ അയാൾ തൻെറ ഉദ്യോഗത്തിന് യോഗ്യമായിട്ടല്ല നടക്കുന്നത്. യേശു നടന്നതുപോലെ നടക്കുവാൻ ശ്രമിക്കാത്ത ക്രിസ്ത്യാനികൾ കർത്താവിന് യോഗ്യമായിട്ടല്ല നടക്കുന്നത് (1 യോഹ. 2:6). യോഗ്യമായ രീതിയിൽ ജീവിക്കുന്നതിനെക്കുറിച്ച് പൗലൊസ് ഫിലിപ്പിയർ 1:27 ലും 1 തെസ്സലൊനിക്യർ 2:12 ലും പറഞ്ഞി

രിക്കുന്നു (3 യോഹ. 6 നോക്കുക.)

കൊലൊസ്യയിലുള്ളവർ പരിജ്ഞാനം പ്രാപിച്ച് ദൈവത്തെ പ്രസാദിപ്പിക്കയും അവന് യോഗ്യമായി നടക്കയും ചെയ്യേണ്ടതിനാണ് പൗലൊസ് പ്രാർത്ഥിച്ചത്. ദൈവത്തെ പ്രസാദിപ്പിച്ച് ഒരാൾ നടക്കുന്നതിനു മുമ്പ് ദൈവേഷ്ടത്തെക്കുറിച്ചുള്ള പരിജ്ഞാനം അയാൾക്ക് ലഭിച്ചിരിക്കണം. വിവരവും ഉൾക്കാഴ്ച്ചയും പ്രായോഗികമാക്കിയില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. ദൈവത്തിന് സ്വീകാര്യമായ ജീവിതം നയിക്കുവാൻ കൊലൊസ്യരെ മുൻപു പറഞ്ഞ നാലു ഗുണങ്ങൾ സഹായിക്കും. ആ ഗുണങ്ങൾ അവരെ യേശുവിനെപ്പോലെ ജീവിക്കുവാൻ പ്രേരിപ്പിക്കും.

### "സകലത്തിലും അവനെ പ്രസാദിപ്പിക്കുക" (1:10)

**പ്രസാദിപ്പിക്കുക** (*അരെസ്കെയിയ*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്. അതിന്റെ സമാനക്രിയ *അരെസ്കൊ* പതിനേഴ് പ്രാവശ്യം പറഞ്ഞിരിക്കുന്നതിൽ ഭൂരിഭാഗവും ദൈവത്തെയല്ല മനുഷ്യരെ പ്രസാദിപ്പിക്കുവാനാണ് ഉപയോഗിച്ചിരിക്കുന്നത്.[7] റോമർ 15:1–3 സൂചിപ്പിക്കുന്നത് നാം മറ്റുള്ളവരെ പ്രസാദിപ്പിക്കാൻ ശ്രമിക്കണമെന്നാണ്, അത് യേശുവിന്റെ മാതൃകയെ പിൻപറ്റലാണ്, അതിന്റെ ഉദ്ദേശം അവനെ പ്രസാദിപ്പിക്കയല്ല പകരം, നമ്മുടെ നിന്ദ അവൻ എടുത്തു.

അറിവു മാത്രം ആയാൽ വിലയില്ലാത്തതാണ്. യാക്കൊബ് എഴുതി, "നന്മ ചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തവനു അതു പാപം തന്നെ" (യാക്കൊ. 4:17). ആത്മീക വിവേകവും പരിജ്ഞാനവും ജീവിത സാഹചര്യത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഉപയോഗിക്കണമെന്നതാണ് അവയുടെ ഉദ്ദേശം. ബൈബിളിലെ വെളിപ്പാട് മുഖാന്തരമല്ലാതെ ആർക്കും അവന്റെ ഇഷ്ടം അറിയുവാൻ സാധ്യമല്ല, അതിനർത്ഥം ബൈബിളിലെ ഉപദേശം മനസിലാക്കാതെ ആർക്കും സകലത്തിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല എന്നാണ്. **സകലത്തിലും**, എന്നു പൗലൊസ് പഞ്ഞതിനർത്ഥം, ക്രിസ്തീയ ജീവിതത്തിൽ, യേശുവിന്റെ ഉപദേശങ്ങളിൽ ഒന്നും ഒഴിവാക്കാവുന്നതായിട്ടില്ല എന്നാണ്. അതായത് അവന്റെ ഉപദേശത്തിൽ നിന്നും ഒന്നും എടുത്തുമാറ്റാതെ, ഒന്നും കൂട്ടു ചേർക്കാതെ അവരുടെ ജീവിതം സത്യത്തിൽ നിയന്ത്രിതമായിരിക്കണം എന്നർത്ഥം.

ദൈവത്തെ പ്രസാദിപ്പിക്കുന്നവർ, ഒരു പരിധി വരെ മറ്റുള്ളവരെ പ്രസാദിപ്പിക്കണം. തന്റെ ജീവിതം മറ്റു അ-ക്രൈസ്തവർക്ക് പ്രയോജനപ്പെടുവാൻ പൗലൊസ് ശ്രദ്ധിച്ചിരുന്നു; അതുകൊണ്ട് അവൻ എല്ലാവർക്കും എല്ലാമായി തീർന്നിരുന്നു (1 കൊ. 9:20–23). അവൻ മറ്റുള്ളവരെ വെറുപ്പിക്കാതെ അവരെ പ്രസാദിപ്പിക്കയായിരുന്നു ചെയ്തത്; എങ്കിലും അവന്റെ മുഖ്യ ഉദ്ദേശം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരുന്നു. ക്രിസ്തു ചെയ്തതുപോലെ, മറ്റുള്ളവരുടെ ഗുണത്തിനായി ക്രിസ്ത്യാനികൾ മറ്റുള്ളവരെ പ്രസാദിപ്പിക്കുവാനാണ് അവൻ പ്രബോധിപ്പിച്ചത്.

കൊലൊസ്യയിലുള്ള ക്രിസ്ത്യാനികൾ എല്ലാ നിലയിലും കർത്താവിനെ പ്രസാദിപ്പിക്കേണ്ടതിനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. ദൈവമുൻപാകെ നമുക്ക് എങ്ങനെ സ്വീകാര്യമാകാമെന്ന് അവന്റെ പ്രബോധനത്തിൽ നമ്മെ കാണിച്ചിരിക്കുകയാണ്.

**"സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കൽ" (1:10)**

കൊലൊസ്യയിലെ ക്രിസ്ത്യാനികൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ വാക്യം 10 മുതൽ 12 വരെ നാല് അപൂർണ്ണക്രിയകൾ പൗലൊസ് ഉപയോഗിച്ചിരിക്കുകയാണ്: (1) **ഫലം കായ്ക്കുക**; (2) "പരിജ്ഞാനത്തിൽ ... വളരുക" (വാ. 10); (3) "സഹിഷ്ണുതയും ... ദീർഘക്ഷമയും കൈവരിക്കുക"; (4) "പിതാവിനോട് സ്തോത്രം ചെയ്യുക" (വാ. 12).

"ഫലം പുറപ്പെടുവിക്കൽ" എന്നത് *കാർപോസ്*, "ഫലം" എന്നും *ഫോറെയോ* "പുറപ്പെടുവിക്കുക" എന്നുമുള്ള രണ്ട് വാക്കുകൾ യോജിപ്പിച്ചതാണ് *കാർപോഫോറൗണ്ടസ്*. ഈ വാക്കിന്റെ മറ്റു രൂപഭേദങ്ങൾ പൗലൊസ് രണ്ട് പ്രാവശ്യം കൊലൊസ്യ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നു, ഇവിടെയും 1:6 ലും. രണ്ടു പ്രാവശ്യം റോമർ 7:4, 5 ലും ഉപയോഗിച്ചിരിക്കുന്നതായി കാണാം. ക്രിസ്ത്യാനിയുടെ ഫലത്തിൽ പെട്ടതാണ് നീതിപൂർവ്വമായ ജീവിതം. അധികം ഫലം കായ്ക്കുന്നവർ ദൈവത്തെ മഹത്വപ്പെടുത്തുകയാണ് (യോഹ. 15:8).

നമുക്ക് ആത്മിയ പരിജ്ഞാനം ഉണ്ടെങ്കിൽ, നമ്മിൽ ദൈവികഗുണങ്ങൾ ഉണ്ടാകും, അത് നമ്മെ മറ്റുള്ളവരുടെ അടുക്കൽ എത്തി സേവന-സന്നദ്ധതയിലേക്ക് നയിക്കുകയും, അവർ ക്രിസ്തുവിനെ അനുഗമിക്കുവാൻ അവരെ സ്വാധീനം ചെലുത്തുകയും ചെയ്യും. ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ഫലം പുറപ്പെടുവിക്കുന്നവരായിരിക്കും.

സൽഫലം പുറപ്പെടുവിക്കുന്നതിലും **സൽപ്രവൃത്തി** [കൾ] ചെയ്യുന്നതിലും എളുപ്പമാണ് മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുക എന്നത്. അവന്റെ വചനം അറിയിക്കുന്നവർ, സന്ദേശത്തിന്റെ ബലഹീന പ്രതിനിധികളാകരുത്. സത്യം വെളിപ്പെടുത്തുവാനും, സുവിശേഷത്തിന്റെ മനോഹാരിത കാണിച്ചു കൊടുപ്പാനുമുള്ള ഏറ്റവും നല്ല മാർഗം അപ്രകാരം ജീവിക്കുന്നതാണ്. ജീവിച്ച പ്രസംഗമാണ്, പ്രസംഗിച്ചതിൽവെച്ച് ഏറ്റവും മികച്ച പ്രസംഗം.

നാം ദൈവത്തിന്റെ കൈപ്പണിയായതുകൊണ്ട്, ക്രിസ്ത്യാനികൾ സൽപ്രവൃത്തികളിൽ മുഴുകിയിരിക്കണം (എഫെ. 2:10). തങ്ങളുടെ ആത്മിയ ശക്തി വർദ്ധിപ്പിച്ച് നിസ്വാർത്ഥ സേവനം നടത്തുന്നവരിൽ ദൈവം ഫലപ്രദമായി പ്രവർത്തിക്കും (ഫിലി. 2:12, 13). സൽപ്രവൃത്തികൾ രക്ഷക്ക് യോഗ്യത നൽകുന്നില്ലെങ്കിലും (എഫെ. 2:8, 9), അത് നിത്യജീവൻ പ്രാപിക്കുവാൻ ആവശ്യമാണ് (റോമ. 2:7).

ഒരു ക്രിസ്ത്യാനിയുടെ വിശ്വാസം വെളിപ്പെടുത്തുന്നതാണ് സൽപ്രവൃത്തികൾ (യാക്കൊ. 2:17-26). പ്രവൃത്തികൾ ദൈവത്തിന് പ്രാധാന്യമുള്ളതാണ്, കാരണം ദൈവം ആളുകളുടെ പ്രവൃത്തികൾക്കനുസരിച്ചാണ് ന്യായം വിധിക്കുന്നത് (2 കൊ. 5:10; 1 പത്രൊ. 1:17; വെളി. 20:11, 12). ദുഷ്പ്രവൃത്തികൾ ചെയ്യുന്നവരെ ദൈവം ശിക്ഷിക്കും (റോമ. 2:6-11).

**"ദൈവത്തെ കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുകയും" (1:10)**

ആത്മിക വിവേകവും പരിജ്ഞാനവും ലഭിക്കുമ്പോൾ, ദൈവേഷ്ടത്തെ കുറിച്ചു മാത്രമല്ല, ദൈവത്തെ കുറിച്ചും പരിജ്ഞാനത്തിലെത്തും. ദൈവത്തെ കുറിച്ച് അറിയുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ബുദ്ധിമാനും ബലവാനും അവരുടെ കഴിവിലല്ല പ്രശംസിക്കുന്നത്; മറിച്ച്, അവർ ദൈവത്തെ അറിയുകയും മനസിലാക്കുകയും ചെയ്യുന്നതിലാണ് (യിരെ. 9:23, 24). ദൈ

ദവത്തെ അറിയുന്നതാണ് നിത്യജീവൻ (യോഹ. 17:3). യേശുക്രിസ്തു വീണ്ടും വരുമ്പോൾ, ദൈവത്തെ അറിയാത്തവർക്ക് നിത്യനാശമാണ് പകരം കൊടുക്കുന്നത് (2 തെസ്സ. 1:7, 8).

"ദൈവത്തിന്റെ പരിജ്ഞാനം" [*എപിഗ്നോസിസ്*] എന്നതിൽ ദൈവം വെളിപ്പെടുത്തിയ പരിജ്ഞാനം മാത്രമല്ല, അവനുമായുള്ള ബന്ധത്തിൽ അനുഭവിക്കുന്നതും ഉൾപ്പെടുന്നു (1:9 ന്റെ വിശദീകരണം നോക്കുക). അതിനുപുറമെ, യേശു മുഖാന്തരം ദൈവത്തെ കാണുവാനും അറിയുവാനും (യോഹ. 1:14, 18; 12:45; 14:9), അവന്റെ സൃഷ്ടിത്വത്തിൽ (സങ്കീ. 19:1; റോമ. 1:20), അവനെ കുറിച്ച് ബൈബിളിൽ വിവരിച്ചിരിക്കുന്നതിനാലും, ദൈവഭക്തിയുള്ള ആളുകളിൽകൂടെയും, നമ്മുടെ ആരാധനയിൽകൂടെയും അവന്റെ പരിജ്ഞാനത്തിലെത്തുവാൻ കഴിയും.

## അവരുടെ ആത്മിയ ശക്തി
## (1:11, 12)

**11സകല സഹിഷ്ണുതക്കും ദീർഘക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന്നു ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണമെന്നും 12വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കുകയും ചെയ്തു.**

### "അവന്റെ വല്ലഭത്വത്തിന്ന് ഒത്തവണ്ണം
### പൂർണ്ണശക്തിയോടെ ബലപ്പെടേണ്ടതിനും" (1:11)

ദൈവത്തിനു യോഗ്യമായി നടക്കേണ്ടതിനുള്ള ഉൾക്കാഴ്ച്ചയാലാണ് കൊലൊസ്യർക്ക് ആത്മിയമായ ബലവും **ശക്തിയും** വന്നത്. അവർ അവരുടെ ഭാഗം ചെയ്യുമ്പോൾ, ദൈവം തന്റെ ഭാഗമായി അവരെ ശക്തിപ്പെടുത്തുമായിരുന്നു. ലോകത്തിന്റെ പ്രശ്നങ്ങളേക്കാൾ ദൈവത്തിന്റെ ശക്തിയാൽ, ജീവിതത്തിലെ വിഷമസന്ധികൾ തരണം ചെയ്യുവാൻ അവൻ സഹായിക്കും (1 യോഹ. 4:4). പരിധിയില്ലാതെ നമുക്ക് നൽകുവാൻ അവൻ പലതും സൂക്ഷിച്ചിട്ടുണ്ട്. **ബലപ്പെടുക** എന്ന വർത്തമാനകാല അപൂർണ്ണക്രിയ തർജിമ ചെയ്തിരിക്കുന്നതിൽ അന്തർലീനമായിരിക്കുന്നത് ഒരിക്കൽ-നടക്കുന്ന പ്രക്രിയയായിട്ടാണ്, എന്നാൽ തുടർച്ചയായ ബലം ലഭിക്കുന്നത് ദൈവത്തിന്റെ ശക്തിയാലാണ്.

ഗ്രീക്കിൽ, നാമമായ *ഡുനാമയിയും* അപൂർണ്ണ ക്രിയ *ഡുനാസൗമെനോയി* (അക്ഷരികമായി, "ശക്തിപ്പെടുത്തിയ ബലത്തോടെ") എന്നതാണ് "സമ്പൂർണ്ണ ശക്തിയോടെ ബലപ്പെടേണ്ടതിന്" എന്നു തർജിമ ചെയ്തിരിക്കുന്നത്. ഒരുപക്ഷെ പൗലൊസ് വാക്കുകൾ കൊണ്ട് അമ്മാനമാടിയതാകാം. ദൈവത്തിന്റെ വല്ലഭത്വത്തിലുള്ള ശക്തിയാലാണ് ക്രിസ്ത്യാനികൾക്ക് ബലം ലഭിക്കുന്നത്. *ഡുനാമിസ്* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് "ഡയനമൈറ്റ്" എന്ന വാക്ക് രൂപപ്പെട്ടത്.

*ഡുനാമിസ്*, ജന്മനാ ഉള്ള കഴിവും, *എക്സൗസിയാ,* പ്രവർത്തിക്കുവാനുള്ള അവകാശം, അതും ശക്തിയും തമ്മിൽ വ്യത്യാസമുണ്ട് (തർജിമ ചെയ്തിരിക്കുന്നത്, "ആധിപത്യം," 1:13; "അധികാരവും," "അധികാരികളും," 1:16; 2:10, 15). ഉദാഹരണമായി ഒരു അലമാര തുറക്കുവാനുള്ള ശക്തിയും കഴിവും

(*ഡുനാമിസ്*) ഒരാൾക്ക് ഉണ്ടായിരുന്നേക്കാം, പക്ഷെ അതിനുള്ള അധികാരം അല്ലെങ്കിൽ അവകാശം (*എക്സൗസിയ*) അയാൾക്ക് ഉണ്ടാകണമെന്നില്ല.

രക്ഷക്കുള്ള ദൈവത്തിന്റെ ശക്തിയാണ് (ഡുനാമിസ്) സുവിശേഷം (റോമ. 1:16). യേശുവിൽ വിശ്വസിക്കുന്നവർക്ക് അവൻ ദൈവമക്കൾ ആകുവാനുള്ള അവകാശം അല്ലെങ്കിൽ "ശക്തി" (*എക്സൗസിയ*) കൊടുത്തു (യോഹ. 1:12). യേശു അപ്പൊസ്തലന്മാർക്ക് അധികാരം (ഡുനാമിസ്) ഭൂതങ്ങളുടെ മേൽ ഉപയോഗിപ്പാനുള്ള ശക്തിയും (*എക്സൗസിയ*) കൊടുത്തു (ലൂക്കൊ. 9:1).

ദൈവം പുതിയനിയമത്തിൽ മാത്രം ഉപയോഗിച്ച **അവന്റെ വല്ലഭത്വത്തോടുകൂടിയ ശക്തിയാലാണ്** (*ക്രാറ്റോസ്*; "ബലം", അത് ദൈവത്തിനു മാത്രമാണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്). അത്തരം "ശക്തി" ദൈവത്തിൽനിന്നാണ് വരുന്നത്. അതേ ശക്തിയാണ് യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചത് (എഫെ. 1:19, 20). അവന്റെ "വല്ലഭത്വത്തിന്റെ ശക്തി" ക്രിസ്ത്യാനികളെ കർത്താവിനു യോഗ്യമായി നടക്കുവാൻ സഹായിക്കുന്നു. നീതിയുള്ള ജീവിതം നയിക്കുവാൻ ദൈവം നമ്മെ ഊർജ്ജസ്വലരാക്കും.

ദൈവത്തിന്റെ "വല്ലഭത്വത്തിന്റെ" (*ഡോക്സാ*) ശക്തി എന്നു പറയുന്നത് മനുഷ്യർക്ക് ദൈവം വെളിപ്പെടുത്തി കൊടുക്കുന്ന വീര്യവും ബലവുമാണ്. നാം ഓരോരുത്തരും ദൈവതേജസ് ഇല്ലാത്തവരായിരുന്നു (റോമ. 3:23).

കർത്താവിൽ തുടർച്ചയായി (*എൻഡുനാമൗസ്തേ*) ബലം പ്രാപിക്കുവാനായിരുന്നു പൗലൊസ് എഫെസ്യരെ പ്രബോധിപ്പിച്ചത് (എഫെ. 6:10). പരിശുദ്ധാത്മാവ് മുഖാന്തരമാണ് നമുക്ക് ശക്തി ലഭിക്കുന്നത് (എഫെ. 3:16). ലോകത്തെ അതിജീവിക്കുവാൻ വിശ്വസ്തരായ ക്രിസ്ത്യാനികളെ അവരുടെ ഉള്ളിൽ ലോകത്തെക്കാളധികം സഹായിക്കും (1 യോഹ. 4:4).

### "സകല സഹിഷ്ണുതക്കും,<br>ദീർഘക്ഷമക്കും; സന്തോഷത്തിനും" (1:11)

കൊലൊസ്യരെ ദൈവം ശക്തിപ്പെടുത്തിയതിന്റെ ഉദ്ദേശം, അവർ സഹിഷ്ണുതയും, ദീർഘക്ഷമയും, സന്തോഷവും ഉള്ളവരാകുവാനായിരുന്നു. **സഹിഷ്ണുതയെയും ദീർഘക്ഷമയെയും** കുറിച്ച് എ. ടി. റോബർട്ട്സൺ താഴെ കാണുന്നത് പറഞ്ഞിരിക്കുന്നു:

> ക്ഷമ [*ഹുപോമോനെൻ*, തർജിമ ചെയ്തിരിക്കുന്നത് "ദീർഘക്ഷമ"] എന്നാണ് ആർത്ഥം, ഭീരുത്വം അല്ലെങ്കിൽ നിരാശയില്ലാതെ, യുദ്ധത്തിൽ പടയാളികൾ പറയുന്നതു പോലെ "തുടരുക." വിട്ടുകളവാൻ പരീക്ഷിക്കപ്പെടുമ്പോൾ, സ്ഥിരോൽസാഹവും സ്ഥിരതയും നിലനിർത്തുന്നതാണ് അത്; സഹിഷ്-ണുത [*മാക്റോതുമിയാൻ*, തർജിമ ചെയ്തിരിക്കുന്നത് "ക്ഷമ" എന്നാണ്], കോപമില്ലാത്തതും, പ്രതികാരമോ, പകരമോ വീട്ടാതെയിരിക്കുക. ആ രണ്ട് വാക്കുകൾ പരസ്പരം പൂരകമായി യോജിപ്പിച്ചാണ് അടിക്കടി ഉപയോഗിക്കുന്നത് (2 കൊ. 6:4, 6; 2 തിമൊ. 3:10; യാക്കൊ. 5:10–11).[8]

ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോഴും, ലക്ഷ്യപ്രാപ്തി കൈവരിക്കുവാനുള്ള സ്ഥിരോൽസാഹത്തിലേക്ക് ഒരാളെ നയിക്കുന്നതാണ് ദൃഢചിത്തത. ജീവിതത്തിൽ വേദനയും മുറിപ്പെടുത്തലും അനുഭവപ്പെട്ടാലും സഹിക്കുവാൻ

നമ്മെ പ്രചോദിപ്പിക്കുന്നതാണ് ക്ഷമ. പകരം വീട്ടൽ സ്വാഭാവികമായി വരുന്നതാണ്, എന്നാൽ ക്ഷമ പ്രതികാരത്തെ മാറ്റി നിർത്തുന്നതാണ്. ക്രിസ്ത്യാനികൾ തങ്ങളുടെ ഊർജം പ്രധാനപ്പെട്ട കാര്യങ്ങൾക്ക് ഉപയോഗിക്കുകയും, ദുഷ്പ്രവൃത്തികൾക്ക് പ്രതികാരം വീട്ടുവാൻ ദൈവത്തെ അനുവദിക്കുകയും ചെയ്യുക (റോമ. 12:17, 19).

കൊലൊസ്യരുടെ ലക്ഷ്യപ്രാപ്തിക്കായി സഹിഷ്ണുതയും ദീർഘക്ഷമയും ബന്ധപ്പെട്ടിരിക്കുന്നതാണ് **സകലവും ലഭിക്കുവാൻ** എന്ന പ്രയോഗം വ്യക്തമാക്കുന്നത്. ആ ഗുണങ്ങളിൽ തികഞ്ഞവരും പക്വതയുള്ളവരുമാകുവാൻ അവർ പരിശ്രമിക്കേണ്ടിയിരുന്നു. അവർ ദൈവസഹായത്താൽ വ്യക്തിപരമായി വളരുവാൻ ശ്രമിക്കുമ്പോൾ, ജീവിതത്തിലെ വിഷമസന്ധികളും, പരീക്ഷണങ്ങളും അതിജീവിച്ച് ക്രിസ്തീയ സ്വഭാവത്തിൽ എല്ലാം നേരിടുവാൻ അവർക്ക് കഴിയും.

എച്ച്. സി. ജി. മൗൾ നിരീക്ഷിച്ചു, “വിശുദ്ധന്മാരിൽ ദൈവശക്തി പ്രാഥമികമായി ‘വലിയ കാര്യങ്ങൾ ചെയ്യുന്നതിലല്ല,’ മറിച്ച് സ്വർഗീയ സന്തോഷത്തോടെ, ദീർഘക്ഷമയും സഹിഷ്ണുതയും കാണിക്കുന്നതിലാണ്.”[9] അതിശയിക്കാത്ത പ്രവൃത്തികളേക്കാൾ ദൈവം നോക്കുന്നത് ക്രിസ്ത്യാനികളുടെ സഹിഷ്ണുതയെയാണ്.

കൊലൊസ്യയിലെ സഹോദരീസഹോദരന്മാരിൽ കാണുവാൻ പൗലൊസ് ആഗ്രഹിച്ച “ശക്തി” ക്രിസ്ത്യാനികളായി സഹിക്കുവാനുള്ളതാണ്-അല്ലാതെ “അത്ഭുതങ്ങൾ” “അടയാളങ്ങൾ” എന്നിവക്കുള്ള വാക്കാണ് ഇവിടെ ഉപയോഗിച്ചതെങ്കിലും ആ അർത്ഥമല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. യേശുവിന്റെ വീര്യപ്രവൃത്തികളെ പറയുവാൻ ആ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (മത്താ. 11:20, 21, 23; 13:54). അത്ഭുതങ്ങളുടെ ഉദ്ദേശം അവ നിറവേറ്റി-ദൈവേഷ്ടം ഉറപ്പിക്കൽ. അവ യേശുവിന്റെ മശിഹാത്വത്തെ ഉറപ്പിക്കുന്നതും (യോഹ. 20:30, 31; പ്രവൃ. 2:22), അപ്പൊസ്തലന്മാരുടെ അധികാരത്തെ ഉറപ്പിക്കുന്നതും (2 കൊ. 12:12), പ്രസംഗിച്ച വചനത്തിന്റെ ഉത്ഭവത്തെയും ഉറപ്പിക്കുന്നതുമായിരുന്നു (മർ. 16:20; പ്രവൃ. 14:3; എബ്രാ. 2:3, 4). അത്ഭുതങ്ങളേക്കാളധികം ദൈവത്തോടുള്ള സ്നേഹം നിമിത്തം ക്രിസ്ത്യാനികൾക്ക് യേശുവിനായി വിജയകരമായി ജീവിക്കുന്നതിന് അതിജീവിക്കുവാനുള്ള ശക്തിയാണ് ആവശ്യം (1 കൊ. 13:1–3).

അവരുടെ ജീവിതത്തിൽ ദൈവശക്തിയുടെ ഉദ്ദേശം അത്ഭുതം ചെയ്യുവാനായിരുന്നില്ല, പിന്നെയോ അവരുടെ ആത്മികമായ പ്രയോജനത്തിനു വേണ്ടിയായിരുന്നു. ദൈവശക്തിയാലാണ് അത്ഭുതം നടന്നിരുന്നതെങ്കിലും, ഏതാനും ക്രിസ്ത്യാനികൾക്കു മാത്രമാണ് ആ ശക്തി ലഭിച്ചിരുന്നത് (1 കൊ. 12:29, 30). ലോകത്തിൽ പ്രവർത്തിക്കുന്ന ദുഷ്ടനോട് എതിർക്കുവാനുള്ള ശക്തി എല്ലാ ക്രിസ്ത്യാനികൾക്കും ദൈവം നൽകുന്നുണ്ട് (1 യോഹ. 4:4). ദുഷ്ടന്റെ ശക്തിക്കെതിരായി പോരാടുവാൻ പരിശുദ്ധാത്മാവും ആത്മികമായ ആയുധവും ക്രിസ്ത്യാനികൾക്ക് ആവശ്യമാണ് (എഫെ. 6:10–18).

ഒരുപക്ഷെ **സന്തോഷത്തോടുകൂടി** എന്നത് “സ്തോത്രം ചെയ്യുന്നതും” ആയി ബന്ധപ്പെട്ടായിരിക്കും വരേണ്ടത് (വാ. 12; എൻഎഎസ്ബി; എൻഐവി; എൻആർഎസ്വി), എന്നാൽ ചില തർജിമകളിൽ “സഹിഷ്ണുതക്കും,” “ദീർഘക്ഷമക്കും” എന്നതുമായി ബന്ധപ്പെട്ടാണുള്ളത് (കെജെവി; എൻകെജെവി; ആർഎസ്വി). ക്രിസ്ത്യാനികൾ സന്തോഷംകൊണ്ട് നിറയണം.

ക്രിസ്തുവിൽ നമുക്ക് സന്തോഷിക്കുവാൻ കാരണം നീതിപൂർവ്വമായി ജീവിച്ചാൽ സന്തോഷം എന്ന ഫലം ലഭിക്കുന്നതിനാലാണ് (ഫിലി. 4:4).

**"പിതാവിന്നു സ്തോത്രം ചെയ്യുന്നവരാകേണം" (1:12)**

ലേഖനത്തിന്റെ ആരംഭത്തിലെ വന്ദനത്തിൽ (1:3-8), തന്റെ പ്രാർത്ഥനയിൽ പൗലൊസ് കൊലൊസ്യർക്കായി സ്തോത്രം ചെയ്യുന്നതായി പറഞ്ഞിരുന്നു (1:3 ന്റെ ചർച്ച നോക്കുക). താൻ ഒരു മാതൃക കാണിച്ചുകൊണ്ട്, അവൻ അവരോട് ദൈവത്തോട് സ്തോത്രം ചെയ്യുവാൻ പറഞ്ഞു. ഉപദേഷ്ടാവ് എന്തു പഠിപ്പിക്കുന്നുവോ, അതിന് അവൻ മാതൃകയായിരിക്കണം.

പിതാവിന് സന്തോഷത്തോടെ, തുടർച്ചയായി [ചെയ്യേണ്ട] ഒന്നാണ് സ്തോത്രം ചെയ്യൽ (1 തെസ്സ. 5:18 നോക്കുക) കാരണം ആ ക്രിസ്ത്യാനികളെ വിശുദ്ധന്മാരോടുകൂടെ വെളിച്ചത്തിലുള്ള അവകാശം പങ്കിടുവാൻ അവൻ അവരെ പ്രാപ്തരാക്കിയിരുന്നു. കൊലൊസ്യർക്ക് ദൈവത്തോടുള്ള ബന്ധം ഉറപ്പിക്കുന്നതിനായിരുന്നു, പൗലൊസ് ദൈവത്തെ പിതാവ് എന്ന് സ്ഥിരീകരിച്ച് അവരോട് പറഞ്ഞത്. അവർ അവന്റെ മക്കളായിരുന്നു-വിശ്വാസത്താലും സ്നാനത്താലും നാമെല്ലാം ആയതുപോലെ (ഗലാ. 3:26, 27).

## വെളിച്ചമുള്ള രാജ്യത്തിലേക്കുള്ള അവരുടെ പ്രവേശനം (1:12, 13)

**12വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കുകയും 13നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു.**

**"വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി പ്രാപ്തരാക്കുകയും" (1:12)**

ഒന്നാമത്, ആ സഹോദരന്മാർ [ആത്മിയമായ] **അവകാശം പങ്കിടുവാൻ പ്രാപ്തരായി ...** എന്നാണ് പൗലൊസ് പറഞ്ഞത്. "പ്രാപ്തരാക്കുക" എന്ന അപൂർണ്ണക്രിയ പ്രകടിപ്പിച്ചിരിക്കുന്നത് നമ്മെ കഴിവുള്ളവരാക്കുവാൻ പ്രവർത്തിച്ചത് ദൈവമാണ് എന്നത്രെ. ആ വാക്ക് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *ഹികാനോശാൻടി* എന്നാണ്, അത് കാരണമാക്കുന്ന ക്രിയയാണ്, അർത്ഥം, "മൽസരിക്കുവാൻ പ്രാപ്തി നൽകുക, മതിയായത്ര, വേണ്ടുവോളം." പുതിയ നിയമത്തിൽ മറ്റൊരു പ്രാവശ്യം കൂടെ കാണുന്നത് തർജിമ ചെയ്തിരിക്കുന്നത് "നമ്മെ മതിയായവരാക്കി" എന്നാണ് (2 കൊ. 3:6; എൻഎഎസ്ബി) അല്ലെങ്കിൽ "പ്രാപ്തരാക്കി" (കെജെവി). ദൈവം വാഗ്ദാനം ചെയ്ത അവകാശത്തിന് മനുഷ്യരുടെ സ്വന്ത കഴിവുകൊണ്ട് യോഗ്യരാകുവാൻ സാധ്യമല്ല-മറ്റൊരാൾ ആവശ്യമാണ്-യേശുവാണ് ആ യോഗ്യത സാധ്യമാക്കിയത്. ആ വലിയ അനുഗ്രഹത്തിന്റെ ഉറവിടം ദൈവമാണ്, അവനാണ് യേശുക്രിസ്തു മൂലം കൊലൊസ്യരെ പ്രാപ്തരാക്കിയത്. ആ അവകാശം സ്വർഗീയ ഭവനമാണ് (1 പത്രൊ. 1:3, 4). വിശുദ്ധീകരിക്കപ്പെട്ടവർക്കെല്ലാം സ്വർഗത്തിൽ പ്രവേശിക്കുവാൻ കഴിയും; ദൈവ കൃപയുടെ വചനത്താലാണ് അത് സാധ്യ

മാകുന്നത് (പ്രവൃ. 20:32).

പാപത്തിൽ മരിക്കുന്നവർക്ക് സ്വർഗത്തിൽ പ്രവേശിക്കുവാനോ യേശുവിനോടുകൂടെ ആയിരിപ്പാനോ സാധ്യമല്ല (യോഹ. 8:21). അശുദ്ധമായ ഒന്നിനും സ്വർഗിയ നഗരത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല (വെളി. 21:27). പാപികളുടെ പാപം ക്ഷമിച്ചു കിട്ടിയില്ലെങ്കിൽ, വെളിച്ചത്തിലുള്ള വിശുദ്ധന്മാരോടുകൂടെ ആകുവാൻ പറ്റുകയില്ല. യേശുവിന്റെ രക്തമാണ് പാപികളുടെ പാപങ്ങളെ നീക്കി (1 യോഹ. 1:7) അവനിൽ ആക്കുന്നത് (2 കൊ. 5:21; എഫെ. 1:7)-അതായത്, വിശ്വാസത്താലും സ്നാനത്താലുമാണ്, ആളുകൾ ദൈവമക്കളാകുന്നത് (ഗലാ. 3:26, 27). അങ്ങനെ അവൻ പാപികളെ നീതിമാന്മാരാക്കുകയും ഇവിടെ പറഞ്ഞിരിക്കുന്ന അവകാശത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

കൃത്യമായും ആർക്കാണ് ഈ അവകാശം ലഭിക്കുന്നത്? നാലാമത്, തിരുത്തിയ *ഗ്രീക്ക് പുതിയനിയമത്തിന്റെ* തർജിമ വിവിധ രീതിയിലാണ് പറയുന്നത്, ചിലതിൽ “നിങ്ങളെ” എന്നാണ് (എൻഐവിയും അത് സ്വീകരിച്ചിരിക്കുന്നു) എന്നാൽ “നമ്മെ” എന്നാണ് (എൻഏഎസ്ബി പറയുന്നത്), അതിനാണ് വേദഭാത്തിൽ ആധികാരികത കൊടുത്തിരിക്കുന്നത്.[10] “നിങ്ങളെ” എന്നു പറയുന്നത് കൊലൊസ്യരെ മാത്രം പരിമിതപ്പെടുത്തിയാണ്. എന്നാൽ “നമ്മെ” എന്നു പറയുമ്പോൾ, പൗലൊസിനെയും കൊലൊസ്യരേയും എല്ലാ ക്രിസ്ത്യാനികളെയും ഉൾപ്പെടുത്തിയിരിക്കുന്നു എന്നു പറയാം. രണ്ടു വിധത്തിലായാലും അർത്ഥത്തിനു വ്യത്യാസം സംഭവിക്കുന്നില്ല, കാരണം കൊലൊസ്യർ പൊതുവിൽ എല്ലാ ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്നു.

“പങ്കിടുക” എന്നതിന്റെ ഗ്രീക്ക് വാക്ക് *മെരിഡാ* (*മെറിസ്* എന്നതിന്റെ ഏകവചന കർമ്മവിഭക്തി) പൊതുവിൽ ദേശത്തിന്റെയോ അല്ലെങ്കിൽ സമ്പാദ്യത്തിന്റെയോ ഭാഗങ്ങളായി തിരിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത് (ലൂക്കൊ. 10:42; പ്രവൃ. 8:21; 16:12). “അവകാശം” (*ക്ലെരോസ്*) കൂട്ടിയ ഒരു തുക അല്ലെങ്കിൽ വസ്തു എന്നാണ് ആരംഭത്തിലെ അർത്ഥം. “ചീട്ട്” ഇടുന്നതിനും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്താ. 27:35; മർ. 15:24; ലൂക്കൊ. 23:34; യോഹ. 19:24; പ്രവൃ. 1:26), ശുശ്രൂഷയുടെ ഒരു ഭാഗത്തെ വിവരിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു (പ്രവൃ. 1:17), ഓഹരി അനുവദിച്ചിരിക്കുന്നതിനും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതായി കാണാം (പ്രവൃ. 26:18; 1 പത്രൊ. 5:3).

ആദ്യ നിയമത്തിൽ വാഗ്ദാനം ചെയ്തിരുന്ന അവകാശത്തേക്കാൾ പുതിയ നിയമത്തിൽ വാഗ്ദാനം ചെയ്ത അവകാശം വളരെ ശ്രേഷ്ഠതയുള്ളതാണ് (എബ്രാ. 8:6). പഴയനിയമത്തിൽ മുഖ്യമായും (പുറ. 32:13; സംഖ്യ. 26:53) ഭൗതികമായ അനുഗ്രഹങ്ങളും അവകാശങ്ങളുമാണുള്ളത് (ആവ. 5:32, 33). താൽക്കാലികമായ വാഗ്ദാനങ്ങൾ പുതിയനിയമത്തിൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവർക്കാണ് (മത്താ. 6:33); എന്നാൽ അതിനേക്കാൾ പ്രാധാന്യമുള്ള സ്വർഗീയവും ആത്മീകവുമായ അനുഗ്രഹങ്ങൾ അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു (എഫെ. 1:3; 1 തിമൊ. 4:8). വീണ്ടും ജനിച്ചവർക്ക് സ്വർഗം അവകാശമായിട്ടാണ് ലഭിക്കുന്നത് (1 പത്രൊ. 1:3, 4). സാധാരണ ഒരവകാശം നേടി എടുക്കുവാനോ, അതിനു യോഗ്യമാകുവാനോ സാധ്യമല്ല. അത് നൽകുന്ന ആൾ തന്റെ ഇഷ്ടപ്രകാരം ഒരു ഒസ്യത്ത് എഴുതി

യാണ് നൽകുന്നത്. അത് പഴയനിയമത്തെ സംബന്ധിച്ചു വാസ്തവമായിരുന്നു, പുതിയ നിയമത്തെ സംബന്ധിച്ചും വാസ്തവമാണ് (എബ്രാ. 9:15). മാനുഷിക കുടുംബങ്ങളിൽ സാധാരണ മക്കൾക്കാണ് അവകാശവും ഓഹരിയും ഉള്ളത്.

മക്കളായി ജനിച്ചവർക്കാണ് അവകാശം നൽകുന്നത് (റോമ. 8:16, 17; ഗലാ. 4:6, 7), അവരാണ് രണ്ട് ജനനത്താലും (1 പത്രൊ. 1:3) ദത്തെടുത്തതിനാലും (റോമ. 8:15; ഗലാ. 4:5; എഫെ. 1:5) മക്കളായതിനാൽ സ്വർഗീയ അവകാശത്തിന് പ്രാപ്തരായവർ. ദൈവമക്കളാകുവാൻ വീണ്ടും ജനനം ആവശ്യമാണ് (യോഹ. 3:5). ആത്മാവ്-വെളിപ്പെടുത്തിയ വചനത്താൽ (യോഹ. 6:63; 1 പത്രൊ. 1:23)- അതാണ് വിശ്വാസത്തിന്റെ അടിസ്ഥാനം (റോമ. 10:17).-ജലസ്നാനത്താലും ആളുകൾ ദൈവത്തിന്റെ മക്കളായി തീരുന്നു (ഗലാ. 3:26, 27). ഒരു ഉദാഹ രണം പ്രവൃത്തികൾ 8:12-ൽ അവതരിപ്പിച്ചിരിക്കുന്നു: "എന്നാൽ ദൈവരാ ജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു."

ആത്മാവ് വെളിപ്പെടുത്തിയ വചനത്താൽ വീണ്ടും ജനിച്ചവരെ (യോഹ. 14:26) **വിശുദ്ധന്മാർ** എന്നാണ് വിളിച്ചത്. ആ വാക്കിന്റെ സമാനഗുണമുള്ള ക്രിയ (*ഹാഗിയോയി*) അർത്ഥം "വിശുദ്ധീകരിക്കുക" (*ഹാഗിയാസോ*). വിശു ദ്ധന്മാരെ വചനത്താൽ (യോഹ. 17:17) വിശുദ്ധീകരിച്ച് **വെളിച്ചത്തിന്റെ** മക്ക ളാക്കി. യേശുവിന്റെ അനുയായികൾ ലോകത്തിന്റെ വെളിച്ചമാണ് (യോഹ. 3:21; 8:12). വെളിച്ചത്തിന്റെ മക്കളായതുകൊണ്ട് (യോഹ. 12:36; 1 തെസ്സ. 5:5). ജീവന്റെ വെളിച്ചം നമ്മിൽ ഉണ്ട് (യോഹ. 8:12).

"വെളിച്ചത്തിലുള്ള വിശുദ്ധന്മാർ" ആരാണ്? അവർ ഭൂമിയിലുള്ളവരോ അതോ ദൂതന്മാരോ? "പരിശുദ്ധ" എന്ന വാക്കിനും "വിശുദ്ധന്മാർ" എന്നതിനു പയോഗിച്ച ഗ്രീക്ക് വാക്ക്. അത് പഴയ നിയമകാലത്തെ ആളുകളെ ഉദ്ദേശിച്ചും (മത്താ. 27:52) യേശുവിന്റെ ശിഷ്യന്മാരെ ഉദ്ദേശിച്ചും (പ്രവൃ. 9:13, 32; റോമ. 8:27; 12:13) അല്ലെങ്കിൽ ദൂതന്മാരെ കുറിച്ചും (മർ. 8:38; ലൂക്കൊ. 9:26; പ്രവൃ. 10:22) പറയുന്നതിന് ഉപയോഗിച്ചിരിക്കുന്നു. എല്ലാ കാലത്തെയും രക്ഷിക്കപ്പെട്ട ആളുകൾക്ക് സ്വർഗീയ അവകാശം ലഭിക്കും എന്നായിരിക്കാം പൗലൊസ് അർത്ഥമാക്കിയത്. അതിൽ ന്യായപ്രമാണത്തിനു മുൻപ് ജീവിച്ചിരുന്ന ദൈവ ഭക്തരായ ആളുകളും, മോശെയുടെ കാലത്ത് ജീവിച്ചിരുന്ന യെഹൂദന്മാരും ജാതികളും, ക്രിസ്തീയ കാലഘട്ടത്തിൽ രക്ഷിക്കപ്പെട്ടവരും ഉൾപ്പെട്ടിരിക്കും. ക്രിസ്തുവിന്റെ ഉയർപ്പിനു മുൻപ് ജീവിച്ചിരുന്ന ചിലരേയും "വിശുദ്ധന്മാർ" എന്നു വിളിച്ചിരുന്നു (മത്താ. 27:52). യേശുവിന്റെ മരണത്താൽ ആദ്യ നിയമ ത്തിൽനിന്നു വീണ്ടെടുത്തവരും അതിൽ ഉൾപ്പെടും (എബ്രാ. 9:15). അതിൽ "സാത്താന്റെ അധികാരത്തിൽനിന്നും, സാത്താനിൽനിന്നും വിട്ടു ദൈവത്തി ലേക്ക് തിരിഞ്ഞു പാപമോചനം ലഭിച്ചവരും, വിശ്വാസത്താൽ വിശുദ്ധീകരി ക്കപ്പെട്ട് അവകാശവും ലഭിച്ച ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരും ..." ഉൾപ്പെടുന്നു (പ്രവൃ. 26:18). "വിശുദ്ധീകരിക്കപ്പെട്ടു" എന്നതിനർത്ഥം, "വേർപ്പെ ടുക, വിശുദ്ധരാകുക, വീശുദ്ധീരിക്കുക."

വെളിച്ചം ഇരുട്ടിന് എതിരാണ്. രണ്ടിനും ഒരേ സ്ഥലത്ത് ആയിരിക്കു വാൻ സാധ്യമല്ല. ദൈവത്തിൽ ഇരുട്ട് ഇല്ല, കാരണം ദൈവം വെളിച്ചമാണ് (1 യോഹ. 1:5).

### **“ഇരുട്ടിന്റെ അധികാരത്തിൽനിന്ന് അവൻ നമ്മെ വിടുവിച്ചു” (1:13)**

ഇരുട്ടും വെളിച്ചവും തമ്മിലുള്ള അന്തരം വിവരിച്ച് പൗലൊസ് പറഞ്ഞത് ക്രിസ്ത്യാനികൾ **ഇരുട്ടിന്റെ അധികാരത്തിൽനിന്നു ... വിടുവിക്കപ്പെട്ടു** എന്നാണ്. “വിടുവിക്കുക” (*ഹ്രുവോമായി*) എന്നത് പറയുന്നത് ദുഷ്ടനിൽനിന്നും (മത്താ. 6:13), ഭൗതിക മരണത്തിൽനിന്നും (മത്താ. 27:43; 2 കൊ. 1:10), പാപത്തിൽ മരിക്കുന്നതിൽനിന്നും (റോമ. 7:24), വരുവാനുള്ള കോപത്തിൽനിന്നും (1 തെസ്സ. 1:10), പരീക്ഷണങ്ങളിൽനിന്നും (2 പത്രൊ. 2:9) വിടുവിക്കുന്നതിനെയാണ്. പിടിച്ച് തടവിലാക്കിയിരിക്കുന്ന തടവുകാരനെ മോചിപ്പിക്കുന്ന ആശയമാണ് അതിലുള്ളത്. “നമ്മെ പ്രാപ്തരാക്കി” “നമ്മെ വിടുവിച്ചു” എന്നു പറയുന്നത് ഒരേ സമയത്ത് സംഭവിക്കുന്ന കാര്യങ്ങളാണ്. കൊലൊസ്സ്യയിലുള്ള ക്രിസ്ത്യാനികളെ വിടുവിച്ച സമയത്താണ് അവരെ പ്രാപ്തരാക്കിയത്. ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചവരെയാണ് പ്രാപ്തരാക്കിയത്, അവർക്കാണ് അവകാശം ലഭിക്കുന്നത്.

വാക്യം 12 ലും 13 ലും പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ-“വിടുവിക്കയും,” “പ്രാപ്തരാക്കുകയും,” “ആക്കി വെക്കുകയും”-എന്നു പറഞ്ഞിരിക്കുന്നത് യേശുവിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നവരെ വിവരിച്ചിരിക്കുകയാണ്. യേശു രക്ഷകനാണ്; അവനെ കൂടാതെ ആരും വിടുവിക്കപ്പെടുകയോ പ്രാപ്തരാകയോ ഇല്ല. പാപികൾക്ക് തങ്ങളുടെ പാപാവസ്ഥയിൽ നിന്നും സ്വയം വിടുവിക്കുവാൻ കഴിയുകയില്ല. അങ്ങനെ കഴിയുമായിരുന്നുവെങ്കിൽ ക്രിസ്തുവിന് അവരെ രക്ഷിപ്പാൻ വരേണ്ട ആവശ്യമില്ലായിരുന്നു. വിശ്വാസത്താൽ യേശുവിനെ അനുസരിക്കുന്നവരെ ദൈവം യേശു മുഖാന്തരം വിടുവിക്കുന്നു (എബ്രാ. 5:9).

ശത്രുവിനാൽ പിടിക്കപ്പെട്ടവരാണ് ഇരുട്ടിൽ തടവിലായിരിക്കുന്നത് എന്നാണ് വാക്യം 13 ൽ പൗലൊസ് താരതമ്യം ചെയ്തു പറഞ്ഞത്. അവർ തങ്ങളെ പിടിച്ചു തടവിലാക്കുവാൻ ശത്രുക്കളെ അനുവദിക്കയായിരുന്നു. സാത്താന്റെ അധികാരത്തിൽ അടിമകളാക്കി വെച്ചവരെ ദൈവം അതിൽനിന്നു തന്റെ രാജ്യത്തിലേക്ക് പ്രവേശിപ്പിക്കും.

“ഇരുട്ടിന്റെ അധികാരത്തിൽനിന്നു ദൈവം നമ്മെ വിടുവിച്ചു” എന്നു പറഞ്ഞ പ്രസ്താവനയിൽ പൗലൊസ് തന്നെയും ഉൾപ്പെടുത്തിയാണ് പറഞ്ഞത്. പ്രവൃത്തികൾ 26:18 ൽ ഉപയോഗിച്ച അതേ വാക്കാണ് ഇവിടെ “അധികാരം” എന്നതിന് ഉപയോഗിച്ചത് (*എക്സൗസിയ*) (1:11 ന്റെ വിശദീകരണം നോക്കുക) “ഇരുട്ട്” വെളിച്ചം എന്നതിന്റെ എതിരാണ്, അത് എല്ലാ-പാപസ്വഭാവത്തെയും കാണിക്കുന്നതാണ്; വെളിച്ചത്തോട് മൽസരിക്കുവാൻ ഇരുട്ടിന് സാധ്യമല്ല. പൗലൊസ് എഴുതി,

> നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിന്നും ബലിയാലിന്നും എന്തു പൊരുത്തം? അല്ലാ, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിന് വിഗ്രഹങ്ങളോട് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലൊ (2 കൊ. 6:14-16).

വെളിച്ചത്തിന്റെ അസാന്നിധ്യവും, എതിരുമാണ് ഇരുട്ട്. ദൈവം ഇരുട്ടിൽ അല്ല, വെളിച്ചത്തിൽ വസിക്കുന്നു (1 തിമൊ. 6:16). പാപത്തിന്റെ പ്രതലമാണ് ഇരുട്ടിന്റെ അധികാരം (യോഹ. 3:19), വഞ്ചന (2 കൊ. 11:13-15), അജ്ഞത (എഫെ. 4:18). ആ പ്രതലത്തെ സാത്താനാണ് നിയന്ത്രിക്കുന്നത്; സുവിശേഷത്തിന്റെ പ്രകാശം ആളുകൾക്ക് കാഴ്ച്ച ശക്തി നൽകാത്തവിധത്തിൽ സാത്താൻ ആളുകളുടെ കണ്ണ് കുരുടാക്കി മാറ്റും (2 കൊ. 4:4). ക്രിസ്ത്യാനികളായിട്ടില്ലാത്തവർ ഇരുട്ടിലാണ് വസിക്കുന്നത് (എഫെ. 5:8). ആ ഇരുട്ടിന് അവർ അനുവദിക്കുന്നേടത്തോളം മാത്രമെ ശക്തി അവരിൽ ചെലുത്തുവാൻ കഴിയുകയുള്ളു. ക്രിസ്ത്യാനികൾ ഇരുട്ടിൽ വസിക്കുന്നില്ല (1 തെസ്സ. 5:4), ഇരുട്ടിന്റെ പ്രവൃത്തികളുമായി അവർക്ക് കൂട്ടായ്മയുമില്ല.

സാത്താൻ, അധികാരിയും ഈ ലോകത്തിന്റെ ദൈവവുമാണ് (യോഹ. 12:31; 14:30; 16:11; 2 കൊ. 4:4), ഇരുട്ടിന്റെ പ്രതലത്തെ അവൻ നിന്ത്രിക്കുന്നു. ഇരുട്ടിലുള്ളവർ ഇരുട്ടിന്റെ അധികാരത്തിൻകീഴിലാണ് (ലൂക്കൊ. 22:53), ലോകത്തിലുള്ള എല്ലാ ദുഷ്ടശക്തികളും സാത്താന്റെ കീഴിലാണ് (1 യോഹ. 5:19). യേശു പറഞ്ഞു, “പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസനാകുന്നു” (യോഹ. 8:34). “ചെയ്യുന്നവൻ” എന്ന വാക്ക് ഗ്രീക്കിൽ വർത്തമാന അപൂർണ്ണ ക്രിയ ഉപയോഗിച്ചിരിക്കുന്നത് തുടർപ്രവൃത്തിയെയാണ് കാണിക്കുന്നത്. പാപം തുടർച്ചയായി ചെയ്യുന്ന വ്യക്തി പാപത്തിന്റെ അടിമയാകുന്നു:

അത് പൗലൊസ് ഇങ്ങനെ പറഞ്ഞു:

> നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചുപോരുകയും ചെയ്യുന്നവന്ന് ദാസന്മാർ ആകുന്നു എന്ന് അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നെ? (റോമ. 6:16)

പത്രൊസും അതേ ആശയം പ്രകടിപ്പിച്ചിരിക്കുന്നു: “... ഒരുത്തൻ ഏതിനോട് തോൽക്കുന്നുവോ അതിന്നു അടിമപ്പെട്ടിരിക്കുന്നു” (2 പത്രൊ. 2:19). ആളുകൾ പാപത്തിനും സാത്താനും കീഴ്പ്പെട്ട് അവന്റെ ഇഷ്ടം ചെയ്യുവാൻ അവരെ അടിമകളാക്കിയിരിക്കുന്നു (2 തിമൊ. 2:26).

റോമർക്ക് എഴുതിയ ലേഖനത്തിൽ, പൗലൊസ് പാപത്തിന്റെ സ്വാധീനശക്തിയെ വിവരിച്ച് പാപികൾ “പാപത്തിന്നു ദാസന്മാർ” ആകുന്നതിനെ കുറിച്ച് പറഞ്ഞിരിക്കുന്നു (7:14). അവർ ചെയ്യുവാൻ “ആഗ്രഹിക്കുന്നതല്ല” ചെയ്യുന്നത്, പിന്നെയോ “വെറുക്കുന്നതിനെ” ആണ് ചെയ്യുന്നത് (7:15). അവരുടെ ജീവിതത്തിൽ “പാപം വസിക്കുന്നു” എന്ന മട്ടിലാണ് അവരുടെ ജീവിതം നിയന്ത്രിക്കപ്പെട്ടിരിക്കുന്നത് (7:20). സാത്താന് അടിമകളായവരെ ദൈവം യേശു മുഖാന്തരം സാത്താന്റെ ശക്തിയിൽനിന്നും ആത്മിയ മരണത്തിൽനിന്നും വിടുവിക്കുന്നു (7:24, 25). ഇരുട്ടിന്റെ അധികാരത്തിൽനിന്നും, സാത്താന്റെ രാജ്യത്തിൽനിന്നും യേശുവിന്റെ രാജ്യത്തിലേക്കും, അത്ഭുത പ്രകാശത്തിലേക്കും ദൈവം മോചിപ്പിച്ചാക്കിയിരിക്കുന്നു.

ഇരുട്ടിന്റെ വാഴ്ച്ചകളോടും അധികാരങ്ങളോടും ക്രിസ്ത്യാനികൾ പോരാടണം (എഫെ. 6:12). നാം ഇനി ഇരുട്ടിന്റെ പ്രവൃത്തികളിൽ ഏർപ്പെടേണ്ടവരല്ല (എഫെ. 5:11). പകരം, നാം ഇരുട്ടിന്റെ പ്രവൃത്തികളെ വിട്ടുകളഞ്ഞു

വെളിച്ചത്തിന്റെ ആയുധം ധരിക്കണം (റോമ. 13:12). ദൈവത്തോടു കൂട്ടായ്മ ഉണ്ടാകുവാൻ, നാം ഇരുട്ടിലല്ല, വെളിച്ചത്തിൽ തന്നെ നടക്കണം, കാരണം ദൈവത്തിൽ ഇരുട്ട് വസിക്കുന്നില്ല (1 യോഹ. 1:5-7). വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിക്കുന്നവരാണ് ദുഷ്പ്രവൃത്തികൾ ചെയ്യുന്നത് (യോഹ. 3:19). ന്യായവിധിനാളിൽ, മറെച്ചുവെച്ച ഇരുട്ടിന്റെ പ്രവൃത്തികളെല്ലാം വെളിച്ചത്തു കൊണ്ടുവരും (1 കൊ. 4:5).

"അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കലേക്ക് അയക്കുന്നു" എന്നാണ് യേശു പൗലൊസിനെ ജാതികളുടെ അടുക്കൽ അയച്ചു പറഞ്ഞതു (പ്രവൃ. 26:18). കണ്ണു തുറന്നവർക്ക് "പാപമോചനവും വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിച്ചു" (പ്രവൃ. 26:18). ആളുകൾ മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും ചെയ്തപ്പോഴാണ് അവർക്ക് പാപമോചനം ലഭിച്ചതെന്ന് പെന്തെകൊസ്തുനാളിലെ പത്രൊസിന്റെ പ്രസംഗം വ്യക്തമാക്കിയിരിക്കുന്നു (പ്രവൃ. 2:38). ഒരാൾ വെള്ളത്താലും ആത്മാവിനാലും ജനിക്കുമ്പോഴാണ് പാപങ്ങൾ ക്ഷമിക്കപ്പെടുകയും (യോഹ. 3:5), ദൈവരാജ്യത്തിൽ പ്രവേശിക്കയും ചെയ്യുന്നതു. അപ്പോഴാണ് അയാൾ ഇരുട്ടിന്റെ അധികാരത്തെ വിട്ടുകളഞ്ഞു അത്ഭുത പ്രകാശത്തിലേക്ക് പ്രവേശിക്കുന്നത്.

ക്രിസ്ത്യാനികളെ കുറിച്ച് പൗലൊസ് എഴുതിയിരിക്കുന്നു, "മുമ്പെ നിങ്ങൾ ഇരുളായിരുന്നു, ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു; വെളിച്ചത്തിന്റെ മക്കളായി നടക്കുക" (എഫെ. 5:8); "നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളുമാകുന്നു. നാം രാത്രിക്കും ഇരുളിനും ഉള്ളവരല്ല" (1 തെസ്സ. 5:5). ഇരുട്ട് വെളിച്ചത്തിന് എതിരാണെന്ന രൂപകാലങ്കാരം പത്രൊസും ഉപയോഗിച്ചിരിക്കുന്നു. അവൻ എഴുതിയത് ദൈവം "നിങ്ങളെ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം വിളിച്ചിരിക്കുന്നു; മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നെ" (1 പത്രൊ. 2:9, 10).

### "തന്റെ പ്രിയ പുത്രന്റെ രാജ്യത്തിൽ ആക്കി വെച്ചിരിക്കുന്നു" (1:13)

**ദൈവം തന്റെ പ്രിയ പുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു** എന്നതാണ് ക്രിസ്ത്യാനികൾ അനുഭവിക്കുന്ന മറ്റൊരു അനുഗ്രഹം. "ആക്കി" വെക്കുക (*മെതിസ്തേമി*) അർത്ഥം ഒരു ബിന്ദുവിൽനിന്നു മറ്റൊരു ബിന്ദുവിലേക്ക് മാറ്റുക അല്ലെങ്കിൽ മറ്റൊരു കാഴ്ച്ചപ്പാട് സ്വീകരിക്കുവാൻ പ്രേരിപ്പിക്കപ്പെടുക. നഷ്ടപ്പെട്ടവർ പിശാചിന്റെ മക്കളാണ് (മത്താ. 13:38; 1 യോഹ. 3:8, 10) അവർ അവന്റെ ഇഷ്ടം ചെയ്യുവാൻ അവനാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു (യോഹ. 8:44; 2 തിമൊ. 2:26). എങ്ങനെയായാലും, അവരെ പിശാചിന്റെ ആധിപത്യത്തിൽനിന്ന് എടുത്ത് യേശുവിന്റെ രാജ്യത്തിലാക്കി അവന്റെ ശരീരത്തിലെ അംഗങ്ങളാക്കുവാനും കഴിയും. അവരെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു ദൈവം യേശു മുഖാന്തരമാണ് വിടുവിച്ച് ക്രിസ്തുവിന്റെ രാജ്യത്തിലാക്കി വെക്കുന്നത്.

ദുഷ്ടനായ, ശത്രുവിന്റെ അധികാരത്തിൽനിന്നു കൊലൊസ്യരെ വിടുവിച്ച്

തന്റെ പുത്രന്റെ രാജ്യത്തിലാക്കിയത് പിതാവാണ്. “വിടുവിച്ചു” എന്നതും “ആക്കി” എന്നതും ഗ്രീക്കിൽ അയോറിസ്റ്റ് ടെൻസിലാണ് ഉപയോഗിച്ചിരിക്കുന്നത്: ആ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ വിടുവിക്കുകയും ആക്കുകയും ചെയ്തത് ഭൂതകാലത്തിൽ സംഭവിച്ചതായിരുന്നു. ആക്കിവെച്ചവരിൽ തന്നെയും ഉൾപ്പെടുത്തിയാണ് പൗലൊസ് പറഞ്ഞത്. ജെ. ബി. ലൈറ്റ്ഫുട്ട് പറഞ്ഞത് “അവർ ക്രിസ്തുവിനെ സ്വീകരിച്ച് സ്നാനം ഏറ്റപ്പോഴാണ് അങ്ങനെ സംഭവിച്ചത്” എന്നാണ്.[11]

പിതാവും പുത്രനുമായുള്ള ബന്ധം അടുത്ത വാക്കുകളിൽ എടുത്തു കാണിച്ചിരിക്കുന്നു, “അവന്റെ പ്രിയപ്പെട്ടവൻ” (*ഹൊ ഹുയിയോസ് റ്റെസ് അഗാപ്പെസ് ഔറ്റൊയു*). അക്ഷരീകമായി, അതിനർത്ഥം “അവന്റെ സ്നേഹത്തിന്റെ പുത്രൻ.” അവരുടേത് സ്നേഹ ബന്ധമായിരുന്നു. യേശു സ്നാനമേറ്റപ്പോൾ, ദൈവം സ്വർഗ്ഗത്തിൽ നിന്ന്, പറഞ്ഞു, “ഇവൻ എന്റെ പ്രിയ പുത്രൻ” (മത്താ. 3:17). പത്രൊസും, യാക്കോബും, യോഹന്നാനും ഒത്ത് യേശു മറുരൂപമലയിലായിരുന്നപ്പോഴും ദൈവം ആ പ്രസ്താവന നൽകുകയുണ്ടായി (മത്താ. 17:5). പിതാവ് തന്നെ സ്നേഹിച്ചു എന്ന് യേശു പറഞ്ഞു (യോഹ. 3:35; 5:20; 10:17; 15:9; 17:23, 24, 26). അവൻ പിതാവിനെ അനുസരിച്ചിരുന്നതുകൊണ്ട് തുടർച്ചയായി അവന്റെ സ്നേഹത്തിൽ തന്നെയായിരുന്നു (യോഹ. 15:10). ദൈവത്തിന്റെ സ്നേഹം അവനിൽ മാത്രമായിരുന്നില്ല, അത് നഷ്ടപ്പെട്ട മനുഷ്യരിലും പ്രകടിപ്പിച്ചു. തന്റെ സ്നേഹത്തിന്റെ മാഹാത്മ്യം തന്റെ ഏകജാതനായ പുത്രനെ നൽകിക്കൊണ്ടാണ് പ്രദർശിപ്പിച്ചത് (യോഹ. 3:16). “പിതാവ് കല്പിച്ചത് അങ്ങനെ തന്നെ ചെയ്ത്” യേശു പിതാവിനോടുള്ള തന്റെ സ്നേഹം പ്രദർശിപ്പിച്ചു (യോഹ. 14:31).

“അവന്റെ രാജ്യത്തിലേക്ക്,” എന്ന പ്രയോഗത്തിലെ “ലേക്ക്” എന്നതിന്റെ ഗ്രീക്ക് വാക്ക് എയിസ്, അർത്ഥം “ലേക്ക്.” കൊലൊസ്യരെ ഇരുട്ടിന്റെ അധികാരത്തിൽ “നിന്നും” (*എക്സ്,* അർത്ഥം “ൽ നിന്നും”) യേശുവിന്റെ രാജ്യത്തി “ലേക്ക്”, അവൻെറ സ്വർഗ്ഗീയ രാജ്യത്തിൽ പൗരന്മാരുമാക്കി (ഫിലി. 3:20). ഈ ലേഖനമെഴുതുമ്പോൾ രാജ്യ സ്ഥാപനം യാഥാർത്ഥ്യമായി തീർന്നിരുന്നു. ദൈവത്തിന്റെ സമയ വിവര പട്ടികയിൽ, അവന്റെ രാജ്യത്തിന്റെ സ്വഭാവവും തെറ്റിദ്ധരിക്കപ്പെട്ടവരാണ് ഭാവിയിൽ യേശു രാജ്യം സ്ഥാപിക്കും എന്ന് പറയുന്നത്. കൊലൊസ്യർ-വെള്ളത്താലും ആത്മാവിനാലും ജനിച്ച മറ്റല്ലാവരേയും പോലെ (യോഹ. 3:5)-സാത്താന്റെ അധികാരത്തിൽ നിന്ന് വിടുവിച്ച് യേശു ക്രിസ്തുവിന്റെ രാജ്യത്തിൽ ആക്കി വെച്ചിരുന്നു. നിലനിൽക്കുന്ന രാജ്യത്തിന്റെ ഭാഗമായി അവർ മാറി.

ക്രിസ്തുവിന്റെ രാജ്യത്തെ “ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യം എന്നു പറഞ്ഞിരിക്കുന്നു” (എഫെ. 5:5). അത് വാസ്തവമാണ് കാരണം ക്രിസ്തുവിന്റെ രാജ്യം എന്ന് പറയുന്നത് “സ്വർഗ്ഗ രാജ്യം” ആണ് (മത്താ. 3:2) അല്ലെങ്കിൽ “ദൈവരാജ്യം” (മർ. 4:11). ആ രാജ്യമായിരുന്നു “ആസന്നമായിരിക്കുന്നു” എന്നു പ്രസംഗിച്ചത് (മത്താ. 3:2; 4:17), ആ രാജ്യം അപ്പോൾ “അടുത്തിരുന്നു” (ലൂക്കൊ. 10:9). യേശു പറഞ്ഞു, “എന്റെ രാജ്യം ലോകപ്രകാരമുള്ളതല്ല ... എന്റെ രാജ്യം ഇവിടെയുള്ളതല്ല” (യോഹ. 18:36). ഈ പ്രസ്താവനയാൽ, തന്റെ രാജ്യം ഭൗമീകമല്ല, ഭൗതികമായ അധികാരവുമല്ല എന്നാണ് അർത്ഥമാക്കിയത്. റോബർട്ട് ജീ. ബ്രാച്ചറും യൂജീൻ എ. നിഡയും എഴുതി “*അവന്റെ പ്രിയ പുത്രന്റെ രാജ്യം* ഭൂമിശാസ്ത്ര സ്ഥലത്താണ്എന്ന് തെറ്റിദ്ധ

രിക്കരുത്, മറിച്ച് അത് 'ഭരണം' അല്ലെങ്കിൽ 'അധികാര മണ്ഡലം ആണ്.' "[12]

## ക്രിസ്തുവിൽ അവരുടേയും നമ്മുടേയും പാപമോചനം (1:14)

**[14]അവനിൽ നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്.**

**"അവനിൽ നമുക്ക് വീണ്ടെടുപ്പ് ഉണ്ട്" (1:14)**

പൗലൊസ് വാക്യം 13-ൽ തുടങ്ങിവെച്ച വിടുവിപ്പ് വിശദീകരണം തുടരുകയാണ്. പൗലൊസിനോടൊപ്പം കൊലൊസ്യരും ആത്മീകമായ അടിമത്വത്തിൽ നിന്ന് വീണ്ടെടുക്കപ്പെടുകയും, സ്വതന്ത്രരാകുകയും ചെയ്തു. ക്രിസ്തുവിൽ ആയിത്തീർന്നവർ അനുഭവിക്കുന്ന പാപമോചനം വീണ്ടെടുപ്പിന്റെ ഫലമാണ്, **വീണ്ടെടുപ്പിന്റെ** ഉറവിടം അവൻ മാത്രമാണ്.

മൗൾ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ ശരിയായി നിരീക്ഷണം ചെയ്തിരിക്കുന്നു:

> വാക്യം 13 വിട്ടു പോകുന്നതിനു മുമ്പ് "അവനിൽ," എന്നാണ് അല്ലാതെ "മുഖാ*ന്തരം* എന്നും അല്ലെങ്കിൽ അവ*നാൽ*" അല്ല പറഞ്ഞത്. ക്രിസ്തുവിനോടു ചേരുക എന്ന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. വീണ്ടെടുക്കപ്പെട്ടവർ മരിച്ചതിനാൽ മോചിതരായി തീരുകയും വീണ്ടെടുക്കപ്പെട്ട വ്യക്തിയോട് വിശ്വാസത്താൽ മർമ്മ പ്രധാനമായി ചേരുകയും ചെയ്യുന്നു.[13]

എല്ലാ ക്രിസ്ത്യാനികളും എന്ന പോലെ കൊലൊസ്യരും ത്രിസ്തുവിനോട് ചേർന്നത് അവർ സ്നാനപ്പെട്ടപ്പോഴായിരുന്നു. യേശുവിൽ ആയിത്തീരുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. കാരണം സകല ആത്മീക അനുഗ്രഹങ്ങളും അവനിലാണ് ഉള്ളത് (എഫെ. 1:3). "വീണ്ടെടുപ്പ്" (*അപൊലുട്രൊസിസ്*) അടിമയാക്കിയ ദാസനെ മറുവില കൊടുത്തു സ്വതന്ത്രമാക്കുന്നു എന്നല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. മറിച്ച്, അടിമകളാക്കപ്പെട്ടവരെ വിടുവിച്ചതിന്റെ ഫലം ലഭിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ബ്രാച്ചറും നിഡയും എഴുതി, "ഗ്രീക്ക് വാക്ക് *അപൊലുട്രൊസിസ്* " എന്നതിൽ ചിലപ്പോൾ പറഞ്ഞിരിക്കുന്ന സ്വതന്ത്രമാക്കുന്ന മറുവില എന്ന അർത്ഥമല്ല വരുന്നത്; സ്വതന്ത്രമാക്കുന്ന പ്രവൃത്തിയുടെ ഫലത്തെയാണ് പറഞ്ഞിരിക്കുന്നത്.[14]

ക്രൂശിലെ അവന്റെ മരണത്താലും ചിന്തിയ രക്തത്താലും (1 പത്രൊ. 1:18, 19) പാപത്തിൽ നിന്ന് യേശു സ്വാതന്ത്ര്യം വരുത്തി (റോമ. 6:23). അവൻ കൊലൊസ്യരെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ചു (യോഹ. 8:34; റോമ. 6:16), കുറ്റത്തിൽ നിന്നും, പാപത്തിന്റെ ശിക്ഷയിൽ നിന്നും മോചിപ്പിച്ചു (യോഹ. 8:36; ഗലാ. 5:1). അവൻ രക്തം ചിന്തിയതിനാലാണ് അത് സാദ്ധ്യമായത് (പ്രവൃ. 20:28). എഫ്. എഫ്. ബ്രൂസ്സ് എഴുതി, "ഒരിക്കൽ എന്നേക്കുമായിട്ടാണ് ക്രിസ്തു വീണ്ടെടുപ്പ് സമ്പാദിച്ചത്, എന്നാൽ അവർ വിശ്വാസത്താൽ ക്രിസ്തുവിനോട് എകീഭവിക്കുമ്പോഴാണ് വ്യക്തികൾക്ക് അത് ലഭിക്കുന്നത്."[15]

"അവന്റെ രക്തം മുഖാന്തരം" എന്നു ചില തർജ്ജിമക്കാർ ഉൾപ്പെടുത്തിയിരിക്കുന്നു (കെജെവി; എംകെജെവി). ആ ചിന്ത ശരിയാണെങ്കിലും, ആ പ്ര

യോഗം പുരാതന കൈയെഴുത്തു പ്രതികളിൽ കാണുന്നില്ല.

**“പാപങ്ങളുടെ മോചനം” (1:14)**

വാക്യം 14-ൽ പൗലൊസ് പറഞ്ഞ അവസാനത്തെ അനുഗ്രഹമാണ് വീണ്ടെടുപ്പ്. വാക്കിന്റെ ആശയം വിശദമാക്കി “വീണ്ടെടുപ്പ്” ആവർത്തിച്ച് പറഞ്ഞിരിക്കുന്നതിനോട് ചേർത്തിരിക്കുന്ന വാക്കാണ് **പാപമോചനം**. വീണ്ടെടുപ്പും പാപമോചനവും ആത്മീയ സ്വാതന്ത്ര്യത്തെയും, പാപത്തിൽ നിന്നുള്ള വിടുതലിനെയുമാണ് കാണിക്കുന്നത്. ആ വലിയ അനുഗ്രഹങ്ങൾ അവന്റെ വീണ്ടെടുപ്പ് പ്രവൃത്തിയാൽ ക്രിസ്തുവിൽ ആകുന്നവർക്കാണ് ലഭിക്കുന്നത്. രക്തം ചിന്താതെ വിമോചനമില്ല (എബ്രാ. 9:22). പാപങ്ങൾ ക്ഷമിക്കുന്നതും (മത്താ. 26:28) പാപങ്ങൾ കഴുകി കളയുന്നതും യേശുവിന്റെ രക്തത്താലാണ് (1 യോഹ. 1:7; വെളി. 1:5). “നമ്മോടുള്ള ക്രിസ്തുയേശുവിന്റെ കൃപാധനത്തിനു” ഒത്തവണ്ണമാണ് പാപങ്ങൾ ക്ഷമിക്കുന്നത് (എഫെ. 2:7). മനുഷ്യ പ്രയത്നത്താൽ നേടിയെടുക്കുവാൻ പറ്റാത്ത പാപ മോചനമാണ് കൃപയാൽ നൽകുന്നത് (എഫെ. 2:8, 9). അത് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ യേശുവിലാകണം (എഫെ. 4:32). നാം സ്നാനമേൽക്കുന്ന സമയത്തു തന്നെ ക്രിസ്തുവിനോടു ചേരുന്നു (റോമ. 6:3; ഗലാ. 3:26, 27). അപ്പോൾ ക്രിസ്തുവിലാകുന്നവർക്കുള്ള കൃപയും പാപമോചനവും ലഭിക്കുന്നു (2 തിമൊ. 2:1).

ഇവിടെയും, ഏതാണ്ട് ഇതിനു സമാന്തരമായ 1:7 ലും, മാത്രമാണ് പൗലൊസിന്റെ ലേഖനങ്ങളിൽ “പാപമോചനം” (*അഫെസിസ്*) എന്ന വാക്ക് കാണുന്നത് എന്നതിനാൽ അസാധാരണമായി തോന്നിയേക്കാം. പിസിദ്യയിലെ അന്ത്യോക്യയിൽ വെച്ചും പൗലൊസ് തന്റെ പ്രസംഗത്തിൽ ഈ വാക്ക് ഉപയോഗിച്ചതായി ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 13:38).

തന്റെ രക്തം പാപമോചനത്തിനായി ചിന്തിയെന്ന യേശുവിന്റെ പ്രസ്താവന ഉദ്ധരിച്ച് മത്തായി “പാപമോചനം” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്താ. 26:28), യോഹന്നാൻ പാപ മോചന സ്നാനം പ്രസംഗിച്ചതായി മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (മർ. 1:4; കൂടാതെ ലൂക്കൊ. 3:3 നോക്കുക). പരിശുദ്ധാത്മാവിനെതിരായുള്ള പാപം ഒരിക്കലും ക്ഷമിക്കുകയില്ലാ എന്ന് യേശു പഠിപ്പിച്ചു (മർ. 3:29). ലൂക്കൊസ് പറഞ്ഞതനുസരിച്ച് പാപങ്ങളുടെ മോചനവും രക്ഷാ പരിജ്ഞാനവും യേശു നൽകുമെന്ന് സെഖര്യാവ് പ്രവചിച്ചിരുന്നു (ലൂക്കൊ. 1:67, 77). യേശു പഴയനിയമ വേദഭാഗത്തിൽ തന്നെ കുറിച്ചു പ്രവചിച്ചിരിക്കുന്നത് വായിക്കുകയും അവൻ “മോചിപ്പിക്കയും” “വിടുവിക്കയും” ചെയ്യും എന്നു പറഞ്ഞു (ലൂക്കൊ. 4:18). പാപമോചനം ആദ്യം യെരുശലേമിൽ പ്രസംഗിക്കേണമെന്ന് അവൻ പറഞ്ഞു (ലൂക്കൊ. 24:47). “പാപമോചനം” എന്ന വാക്ക് യോഹന്നാന്റെ പുസ്തകത്തിൽ കാണുന്നില്ല. എല്ലാ പ്രസംഗങ്ങളും ഉദ്ധരിച്ച പ്രവൃത്തികളുടെ പുസ്തകത്തിൽ പാപമോചനത്തെക്കുറിച്ചുള്ള പ്രസംഗവും ഉൾപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 2:38; 5:31; 10:43; 13:38; 24:47). പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിന് രക്തം ചിന്തേണ്ടതിന്റെ ആവശ്യകത എബ്രായ ലേഖനത്തിൽ ഊന്നി പറഞ്ഞിരിക്കുന്നു (എബ്രാ. 9:22; 10:18).

ആറു സത്യങ്ങൾ 1:12-14 ൽ അന്തർലീനമാക്കിയിരിക്കുന്നു:

1. നഷ്ടപ്പെട്ടവർ സാത്താന്റെ അധികാരത്തിലും ഇരുട്ടിലുമാണ്.
2. അവർക്ക് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് വരുവാൻ കഴിയും.

3. അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുമ്പോൾ, അവരെ ഇരുട്ടിൽ നിന്നും സാത്താന്റെ അധികാരത്തിൽ നിന്നും വിടുവിക്കുന്നു.
4. അവർ വിശ്വസിക്കയും, മാനസാന്തരപ്പെടുകയും, സ്നാനമേല്ക്കുകയും ചെയ്യുമ്പോൾ അവർക്ക് പാപമോചനം ലഭിക്കുന്നു.
5. അവർ അങ്ങനെ ചെയ്യുമ്പോൾ, ക്രിസ്ത്യാനികളാകുകയും ദൈവം തന്റെ പുത്രന്റെ രാജ്യത്തിലേക്ക് ആക്കുകയും ചെയ്യും.
6. ആ മാറ്റമാണ് അവരെ ഇരുട്ടിൽ നിന്നും വിടുവിച്ച് വെളിച്ചത്തിൽ ആക്കുന്നത്.

പാപമോചനത്തിന് സ്നാനമേൽക്കുമ്പോൾ നഷ്ടപ്പെട്ടവരെ, ദൈവത്തിന്റേതല്ലാത്തവരെ, കരുണയില്ലാത്തവരെ രക്ഷിക്കുകയും ദൈവത്തിന്റേതാക്കി മാറ്റുകയും ചെയ്യുന്നു. അവർ വെളിച്ചത്തിലേക്കു വരുമ്പൾ, ദൈവത്തിന്റെ ജനമായി തീരുകയും, അവന്റെ കരുണ ധാരാളമായി അനുഭവിക്കുകയും ചെയ്യുന്നു.

## കൂടുതൽ പഠനത്തിന്

**ക്രിസതുവിന്റെ രാജ്യം (1:13)**

രാജ്യത്തെ സംബന്ധിച്ച് ദാവീത് ദൈവജനത്തെ വാണതു പോലെ ക്രിസ്തു ദൈവജനത്തെ വാഴുമെന്ന് യെശയ്യാവ് പ്രവചിച്ചിരുന്നു (യെശ. 9:6, 7). മറിയക്ക് പ്രത്യക്ഷനായ, ഗബ്രിയേൽ ദൂതൻ ആ വേദഭാഗം ഉദ്ധരിച്ചു പറഞ്ഞു, "കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും" (ലൂക്കൊ. 1:32). ദാവീദിന്റെ പട്ടണമായ ബേത്ലഹേമിൽ നിന്ന് ഭരിക്കുന്നവൻ വരും എന്നാണ് മീഖാ പ്രവചിച്ചത് (മീഖാ. 5:2; ലൂക്കൊ. 2:4 നോക്കുക.).

ദാനിയേൽ വ്യാഖ്യാനിച്ച നെബുഖദ്നേസറിന്റെ സ്വപ്നത്തിലെ വിഷയവും രാജ്യമായിരുന്നു. റോമാ രാജാക്കന്മാരുടെ കാലത്ത് ദൈവരാജ്യം, ക്രിസ്തുവിന്റെ രാജ്യം സ്ഥാപിക്കപ്പെടുമെന്ന് സ്വപ്നം വെളിപ്പെടുത്തി (ദാനി. 2:31–44). ആ സമയ വിവര പട്ടിക യെഹൂദന്മാർക്ക് മനസിലായിരുന്നതിനാൽ "അവർ പ്രതീക്ഷയിലായിരുന്നു" (ലൂക്കൊ. 3:15). ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നായിരുന്നു യോഹന്നാന്റെ പ്രസംഗം (മത്താ. 3:1, 2).

അതേ സന്ദേശം പ്രസംഗിച്ചുകൊണ്ടാണ് യേശു തന്റെ ശുശ്രൂഷ ആരംഭിച്ചത് (മത്താ. 4:17), കാലം തികഞ്ഞു എന്നും പറഞ്ഞു (മർ. 1:15). രാജ്യം വരുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പ് അവസാനിക്കുകയും അതിന്റെ സ്ഥാപനം അടുത്തു എന്ന് സൂചിപ്പിക്കുകയും ചെയ്തു. യേശു തന്റെ അപ്പൊസ്തലന്മാരെ അയച്ചു (മത്താ. 10:5, 7) പിന്നീട് വേറെ 70 പേരെ രാജ്യം അടുത്തിരിക്കുന്നു എന്ന സന്ദേശം അറിയിക്കുവാൻ അയച്ചു (ലൂക്കൊ. 10:9, 11). യേശു പ്രസംഗിച്ചത് കേട്ടിരുന്നവരിൽ ചിലർ അവരുടെ കാലയളവിൽ തന്നെ രാജ്യം ശക്തിയോടുകൂടെ വരുന്നത് കാണും എന്ന് അവൻ പറഞ്ഞിരുന്നു (മർ. 9:1). പരിശുദ്ധാത്മാവിനെ പകർന്നുകൊണ്ട് ശക്തി (പ്രവൃ. 1:8) പെന്തെക്കൊസ്തു നാളിൽ വന്നു (പ്രവൃ. 2:1–4). ആ സമയത്ത് യേശുവിന്റെ രാജ്യം ഭൂമിയിൽ വെച്ച് സ്ഥാപിതമായി. പിന്നീട് ഒരിക്കലും "ആസന്നം" എന്ന് പറഞ്ഞിട്ടില്ല. പകരം രാജ്യത്തെക്കുറിച്ച് പ്രസംഗിച്ചപ്പോൾ, അതിൽ പ്രവേശിക്കുവാൻ ആളു

കൾ സ്നാനമേറ്റു (പ്രവൃ. 8:12, യോഹ. 3:3-5 മായി താരതമ്യം ചെയ്യുക.) അതുമുതൽ, പ്രാരംഭ ഉപദേഷ്ടാക്കന്മാരുടെ സന്ദേശങ്ങളിലെല്ലാം രാജ്യം നിലനിൽക്കുന്നതായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത് (പ്രവൃ. 19:8; 20:25; 28:23, 31).

യേശു സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലത്തു ഭാഗത്ത് എത്തിയതു മുതൽ ക്രിസ്തുവിന്റെ ഭരണം തുടങ്ങി (എഫെ. 1:20-23; 1 പത്രൊ. 3:22; ദാനി. 7:13, 14 നോക്കുക). അപ്പോൾ മുതൽ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവന്റേതായിതീർന്നു (മത്താ. 28:18), കാരണം പിതാവൊഴിച്ച് സകലവും അവന്റെ കാൽക്കീഴാക്കി വെച്ചു (1 കൊ. 15:27).

കുലീനനായോരു മനുഷ്യൻ രാജ്യത്വം പ്രാപിച്ച് മടങ്ങിവരേണമെന്നു വെച്ച് പോയ ഒരു ഉപമ യേശു പറഞ്ഞിരുന്നു (ലൂക്കൊ. 19:12). തന്റെ വീണ്ടും വരവിന്റെ ഉദ്ദേശം, രാജ്യം സ്ഥാപിക്കലല്ല. മടങ്ങിവന്ന് തന്റെ രാജ്യം സ്വീകരിക്കുന്നതിനാണ്. തന്റെ പ്രജകൾ ജീവിച്ചിരുന്നതിനെക്കുറിച്ച് കണക്ക് അവൻ ആവശ്യപ്പെടും (ലൂക്കൊ. 19:13-27). ആ ചിത്രീകരണം "ലോകാവസാനത്തിൽ" അവൻ മടങ്ങിവരുമ്പോൾ ന്യായവിധി നടത്തും എന്ന് സൂചിപ്പിക്കുന്നു (മത്താ. 13:49; 25:31-46). ആ സമയത്ത് തന്റെ രാജ്യം പിതാവിനെ ഏൽപ്പിച്ചു കൊടുക്കും (1 കൊ. 15:23, 24).

രാജ്യം വന്നിട്ടില്ലാ എന്ന ആശയം ചിലർ പ്രചരിപ്പിക്കുന്നുണ്ട്, എന്നാൽ കൊലൊസ്യർ അത് അനുഭവിച്ചതായി വ്യക്തമാക്കിയിരിക്കുന്നു. ബ്രൂസ് എഴുതി,

> വിശ്വാസികൾ ദൈവത്തിന്റെ പ്രിയ പുത്രന്റെ രാജ്യത്തിലേക്ക് കൊണ്ടുവരപ്പെട്ടു എന്നു അവൻ ഉറപ്പിച്ചു പറയുമ്പോൾ, പൗലൊസ് വാസ്തവത്തിൽ നടന്ന ഒരു ഉദാഹരണത്തോടുകൂടിയാണ് പറയുന്നത്. ഭാവിയിൽ സംഭവിക്കുവാനായി കാത്തിരുന്നവർക്ക് അത് യാഥാർത്ഥ്യമായി തീർന്നു ... കാത്തിരുന്ന ഒരു കാര്യം യഥാർത്ഥ അനുഭവമാകുകയും ചെയ്തതോടെ ഒരു കെട്ടുകഥ അല്ലാത്ത രീതിയിൽ അവർക്ക് യഥാർത്ഥത്തിൽ ലഭിച്ചതിനാൽ, നോക്കി പാർത്തിരുന്ന തേജസ്സ് ഇപ്പോൾ അവർക്ക് വെളിപ്പെട്ടു കിട്ടി. "വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശം," അതിന്റെ അപ്രമേയ ധനവും മുമ്പ് ലഭിച്ചിരുന്നില്ലെങ്കിലും, ഇപ്പോൾ ദൈവ പ്രവൃത്തിയാൽ വിശ്വാസികൾക്ക് കാണുവാൻ കഴിഞ്ഞു, കാരണം അതു സംഭവിച്ചു കഴിഞ്ഞു ... ക്രിസ്തുവിന്റെ പ്രവൃത്തിയാലാണ് അത് ലോകത്തിൽ വന്നതും ദൃശ്യമായതും (*ഒ. വാ.* മത്താ. 12:28; ലൂക്കൊ. 11:20); ഒരുനാൾ സമ്പൂർണ മഹത്വത്തോടെ ക്രിസ്തുവിന്റെ *പരൌസിയ* [രണ്ടാം വരവിൽ] അത് സംഭവിക്കും.[16]

രാജ്യത്തിന്റെ സ്വഭാവവും രാജ്യ സ്ഥാപനത്തിന്റെ സമയവും ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. കൂടാതെ ഗ്രീക്ക് വാക്ക് *എയിസ്*, ദുരുപയോഗം ചെയ്തിരിക്കയാണ്. അതിന്റെ അർത്ഥം "ലേക്ക്" എന്ന് 1:13 ലെ തർജ്ജിമയും മറ്റ് പല തർജ്ജിമകളും അതാണ് സൂചിപ്പിക്കുന്നത് (കെജെവി; എൻകെജെവി; എൻഐവി; എൻആർഎസ്വി). അവന്റെ രാജ്യം ഒരു വർത്തമാന കാല യാഥാർത്ഥ്യമായി തീർന്നിരിക്കയാണ്-നാം കണ്ടതുപോലെ കൊലൊസ്യർ അതിലായി തീർന്നിരുന്നു. യേശുവിനോടു വിശ്വസ്തത പുലർത്തി ജീവിക്കുന്നവർ അവൻ വരുന്നതുവരെ അഥവാ അവരുടെ മരണം വരെ രാജ്യത്തിൽ

തുടരും. ക്രിസ്ത്യാനികൾ യേശുവിന്റെ രാജ്യത്തിൽ പുരോഹിതന്മാരാണ് (വെളി. 1:6; 5:10). അവർ വെളിച്ചത്തിൽ വിശുദ്ധന്മാർക്ക് പങ്കിടുവാനുള്ള ഓഹരിക്ക് യോഗ്യരായി തീരുന്നു, ആ അവകാശം അവർക്കു ലഭിക്കുവാൻ ഇരിക്കുന്നതേയുള്ളു.

## പ്രായോഗികത

**സഹോദരന്മാർക്കുവേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥന (1:9–11)**

സഹോദരന്മാർ പരിജ്ഞാനത്തിൽ നിറയുക എന്നതായിരുന്നു പൗലൊസിന്റെ അപേക്ഷയിലെ ഒരു ആവശ്യം (1:9). ദൈവത്തിന്റെ വെളിപ്പെടുത്തിയ വചനത്തിൽ മാത്രം കാണുന്ന ആത്മീക വിവേകവും പരിജ്ഞാനവുമാണ് നമ്മൾ അന്വേഷിക്കേണ്ടത്. നമ്മുടെ ഇന്നത്തെ ലോകത്ത് വിവര സാങ്കേതിക വൈദഗ്ദ്ധ്യവും കമ്പ്യൂട്ടറും മാധ്യമങ്ങളും അവയുടെ ചിന്തകളും ദൈവമക്കളെ ദോഷമായി ബാധിക്കുവാൻ ഇടയാകും. ക്രിസ്ത്യാനികൾ ഓരോരുത്തരും ദൈവത്തിന്റെ പരിജ്ഞാനത്തിലും, അവന്റെ വചനത്തിലും, നീതിയിലും നിറഞ്ഞുവന്നാൽ ലോകത്തിന്റെ ഗതിയിലേക്ക് വ്യതിചലിക്കാതിരിക്കും.

പൗലൊസ് പ്രാർത്ഥിച്ചതിൽ അടങ്ങിയ മറ്റൊരു ആവശ്യം ക്രിസ്ത്യാനികൾ യോഗ്യമായി നടക്കണം എന്നതായിരുന്നു (1:10) അറിയുവാൻവേണ്ടിയുള്ള ജ്ഞാനമല്ല ദൈവസന്നിധിയിൽ സ്വീകാര്യമായത്. അറിഞ്ഞിട്ടും *ചെയ്യാ*ത്തവന് അത് പാപമാണ് (യാക്കൊ. 4:17). പ്രായോഗികമാക്കാത്ത ജ്ഞാനത്തിന് എന്തു വിലയാണ് ഉള്ളത്? സംരക്ഷണ മുന്നറിയിപ്പുകൾ അവഗണിച്ചാൽ അപകടം വരുമെന്ന് അറിയാവുന്ന ഡ്രൈവർമാർ എത്രയോ അപകടങ്ങൾ വരുത്തി മുറിവുകളും മരണവും സംഭവിക്കുന്നു. ആത്മീയ പരിജ്ഞാനത്തിന്റെ ആവശ്യം അത് അറിഞ്ഞ് പരിശീലിച്ച് ദൈവത്തെ പ്രസാദിപ്പിച്ച് സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കുക എന്നതാണ്.

സഹോദരന്മാർ ബലപ്പെടേണ്ടതിനും പൗലൊസ് പ്രാർത്ഥിച്ചു (1:11). ഒരു ചെറിയ കുട്ടി ഭാരമുള്ള കസേര മാറ്റുവാൻ കഠിനമായി പരിശ്രമം നടത്തിയെങ്കിലും ഒന്നും സംഭവിച്ചില്ല. അവന്റെ അപ്പൻ ചോദിച്ചു, "മകനെ ഞാൻ സഹായിക്കട്ടേ." അങ്ങനെ ഇരുവരും ചേർന്ന് കസേര മാറ്റി. അതുപോലെ, നാം ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുന്നു. ഒരു ആടുന്ന പാലത്തിന്റെ മുകളിൽകൂടെ യാത്ര ചെയ്ത ആനയുടെ മുകളിൽ എലി കയറിയിരുന്നു പറഞ്ഞു, "ഞങ്ങൾ വാസ്തവത്തിൽ പാലത്തെ ആടുമാറാക്കി!" നമ്മിൽകൂടെ അവനെ പ്രവർത്തിക്കുവാൻ അനുവദിച്ചാൽ ക്രിസ്തുവിനുവേണ്ടി നമുക്ക് വലിയകാര്യങ്ങൾ ചെയ്യുവാൻകഴിയും (ഫിലി. 2:13).

പൗലൊസിന്റെ ദൃഷ്ടിയിൽ ദൈവത്തിന്റെ വൻകാര്യങ്ങളെ ചെയ്യുവാൻ അവൻ ബലം കുറഞ്ഞവനായി തോന്നിയിരുന്നു. അവൻ എഴുതി, "ഞാൻ ബലഹീനനായിരിക്കുമ്പോൾ, ഞാൻ ശക്തനാകുന്നു" (2 കൊ. 12:10). അത് വാസ്തവമായിരുന്നു കാരണം അവന്റെ ബലഹീനത തിരിച്ചറിഞ്ഞപ്പോൾ ദൈവസഹായം അവൻ അന്വേഷിച്ചു. അവനെഴുതി, "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ" (ഫിലി. 4:13). നമ്മുടെ ക്രിസ്തീയ വേല എല്ലാം *നമ്മളോ* അല്ലെങ്കിൽ എല്ലാം *ദൈവമോ* ചെയ്യുന്നതല്ല. അതൊരു സഹകരണ പരിശ്രമമാണ്. "നാം ദൈവത്തിന്റെ കൂട്ടു വേല

ക്കാരാണ്" (1 കൊ. 3:9).

അതിനു പുറമേ, സഹോദരന്മാരുടെ ദൃഢചിത്തതക്കു കൂടെയാണ് (1:11). ഒരു ചൂടുള്ള ദിവസം, രണ്ടു ആൺകുട്ടികളോട് ഒരു തോട്ടത്തിലെ പുല്ലുപറിച്ചാൽ അവർക്കു പണം കിട്ടുമെന്നു പറഞ്ഞു. ആ ചൂടിൽ കൂറേനേരം ജോലി ചെയ്തശേഷം, പോയി നീന്താമെന്നു തീരുമാനിച്ചു പോയി. അവർ പുല്ലു പറിക്കുവാൻ ഏറ്റെടുത്ത ജോലി പൂർത്തിയാക്കിയില്ല. അവർക്ക് ദൃഢചിത്തത ഇല്ലാതിരുന്നതിനാൽ പ്രതിഫലവും ലഭിച്ചില്ല. പ്രതീക്ഷിച്ച ദൗത്യം വിശ്വസ്തതയോടെ തുടരുക എന്നതാണ് ദൃഢചിത്തത അർത്ഥമാക്കുന്നത്-അതിനു ബുദ്ധിമുട്ട് നേരിടേണ്ടിവന്നാലും. പരീക്ഷണവും കാഠിന്യവും നിമിത്തം ചിലർ എങ്ങനെ രാജ്യത്തിൽ നിന്ന് വീണു പോകുമെന്ന് യേശു പറഞ്ഞിരുന്നു (മർ. 4:17-19).

ദൈവമക്കളായ നമുക്ക് പ്രോൽസാഹനം ആവശ്യമാണ്. നാമും, ആത്മിക വിവേകവും, പരിജ്ഞാനവും, ദൈവശക്തിയാൽ യോഗ്യമായി നടക്കുവാനും, ദൃഢചിത്തതയുള്ളവരാകുവാനും ദൈവസഹായം നമുക്ക് ആവശ്യമാണ്.

**ആത്മികമായ ആവശ്യങ്ങൾക്കുള്ള പ്രാർത്ഥന (1:9)**

കൊലൊസ്യർക്ക് ആവശ്യമുള്ള ആത്മികതക്കു വേണ്ടിയും പൗലൊസ് പ്രാർത്ഥിച്ചു. ആ ആവശ്യങ്ങളിൽ, ജ്ഞാനവും, വിവേകവും, പരിജ്ഞാനവും ഉൾപ്പെട്ടിരിക്കുന്നു. സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കുന്നതിനാണ് ദൈവം ആ മൂന്നു ഗുണങ്ങളും ബന്ധപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ അവർ ദൈവത്തിന്റെ പരിജ്ഞാനത്തിൽ വളരുകയും, അവന്റെ മഹത്വകരമായ ശക്തിയാൽ ബലപ്പെടുകയും ചെയ്യും.

ജ്ഞാനം, പരിജ്ഞാനം, വിവേകം എന്നിവയിൽ പൊതുവായ പലതാണുള്ളത്. പരിജ്ഞാനം വിവേകവും, ജ്ഞാനവും നൽകുമെന്ന് പറയാവുന്നതല്ല. എന്നാൽ ജ്ഞാനം കൂടാതെ ആർക്കും ഒന്നും മനസിലാക്കുവാനോ, ബുദ്ധിയോടെ പ്രവർത്തിക്കുവാനോ സാധ്യമല്ല.

(1) ദൈവം തന്റെ മനസ് വെളിപ്പെടുത്തിയിരിക്കുന്ന വാക്കുകളിൽകൂടെയാണ് ദൈവേഷ്ടത്തെ കുറിച്ചുള്ള ജ്ഞാനം ലഭിക്കുന്നത്.

> മനുഷ്യനിലുള്ളത് അവനിലുള്ള മാനുഷാത്മാവല്ലാതെ മനുഷ്യനിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അത് ഞങ്ങൾ മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികന്മാർക്ക് ആത്മികമായത് തെളിയിക്കുന്നു (1 കൊ. 2:11-13).

(2) ജ്ഞാനം ശരിയായി ഉപയോഗിക്കുവാനുള്ള കഴിവാണ് വിവേകം. ക്രിസ്ത്യാനികൾ ജ്ഞാനത്തിനായി ദൈവത്തോട് അപേക്ഷിക്കണം (യാക്കൊ. 1:5, 6). ശരിയായ ആവശ്യം ഉന്നയിക്കുന്നതിന് നല്ലൊരു ഉദാഹരണമാണ് ശലോമോൻ. യിസ്രായേലിനെ ഭരിക്കുവാനുള്ള ജ്ഞാനം അവനില്ല എന്ന് അവൻ സമ്മതിച്ചു, അതുകൊണ്ട് അവൻ ദൈവത്തോട് ജ്ഞാനവും തിരിച്ച

റിവും അപേക്ഷിച്ചു. അവൻ ദീർഘായുസോ, ധനമോ, ശത്രുക്കളുടെ മേൽ ജയമോ ആവശ്യപ്പെടാതെ അതു മാത്രം ആവശ്യപ്പെട്ടതിനാൽ, ദൈവം അവന് വിവേകവും തിരിച്ചറിവുമുള്ള ഒരു ഹൃദയം നൽകി (1 രാജാ. 3:12).

ഈ കാലത്ത് ജ്ഞാനത്തിന്റെ ഉറവിടമായി ദൈവം യേശുവിനെ ആണ് നൽകിയിരിക്കുന്നത് (1 കൊ. 1:30; കൊലൊ. 2:2, 3). മാനുഷജ്ഞാനത്താൽ ദൈവത്തെ അറിയുവാൻ സാധ്യമല്ല (1 കൊ. 1:21). പിതാവ് നൽകിയ ജ്ഞാനത്തിനൊത്തവണ്ണമാണ് സത്യങ്ങൾ പൗലൊസ് എഴുതിയത് (2 പത്രൊ. 3:15).

(3) പരിജ്ഞാനത്താലും വിവേകം പ്രായോഗികമാക്കുന്നതിനാലുമാണ് ശരിയായ മനസിലാക്കൽ വരുന്നത്, അത് ദൈവത്തോടുള്ള ബന്ധത്തിൽ വളരെ പ്രധാനമാണ്.

യിസ്രായേലിനെ കുറിച്ച് യെശയ്യാവ് പറഞ്ഞ ഒരു പ്രസ്താവന യേശു അന്നത്തെ തലമുറക്ക് പ്രയോഗിക്കുകയുണ്ടായി (യെശ. 6:9, 10). അവർ ഗ്രഹിച്ച് ദൈവത്തിലേക്ക് തിരിയാതിരിക്കേണ്ടതിന്നു അവരുടെ ചെവികളും കണ്ണുകളും അടെച്ചിരുന്നു (മർ. 4:12). അവരുടെ കഠിന ഹൃദയം നിമിത്തം ഇത് പൗലൊസ് റോമയിലുണ്ടായിരുന്ന യെഹൂദന്മാരോട് പ്രയോഗിക്കയുണ്ടായി (പ്രവൃ. 28:26, 27). ദൈവനീതിയിലുള്ള അജ്ഞത നിമിത്തം അസംഖ്യം യെഹൂദന്മാർക്ക് രക്ഷിക്കപ്പെടുവാൻ കഴിഞ്ഞില്ല (റോമ. 10:1-3).

ജാതികളെ കുറിച്ചും പൗലൊസ് എഴുതിയിരിക്കുന്നു. അവരുടെ മനസ് ശൂന്യമായിരുന്നതിനാൽ, അവരുടെ ഗ്രാഹ്യശക്തി ഇരുണ്ടുപോകുകയും, അങ്ങനെ അവർ ക്രിസ്തുവിന്റെ ജീവനിൽനിന്നും അകന്നു പോയി. അവരുടെ അജ്ഞതയും ഹൃദയകാഠിന്യവും നിമിത്തമായിരുന്നു അങ്ങനെ സംഭവിച്ചത് (എഫെ. 4:17, 18).

ചിലപ്പോൾ, തിരുവചനം മനസിലാക്കുവാൻ സഹായം ആവശ്യമാണ്. തന്റെ ഉയർത്തെഴുന്നേൽപിനു ശേഷം, യേശു ശിഷ്യന്മാർക്ക് തിരുവെഴുത്തുകൾ അവർക്ക് മനസിലാകുവാനായി വിശദീകരിച്ചു കൊടുത്തു (ലൂക്കൊ. 24:45). യെശയ്യാവിന്റെ പ്രവചനം മനസിലാക്കുവാൻ ഐത്യോപ്യക്കാരനായ ഷണ്ഡൻ ഫിലിപ്പൊസിനോട് (യെശ. 53), യേശുവിനെ കുറിച്ച് സഹായം തേടിയിരുന്നു (പ്രവൃ. 8:30-33).

നാം ദൈവേഷ്ടം മനസിലാക്കുന്ന തിരിച്ചറിവുള്ളവരായിരിക്കണം (എഫെ. 5:17). തിരുവെഴുത്ത് മനസിലാക്കി തരുവാൻ നമുക്ക് ഇന്ന് ദൈവശ്വാസിയ പുരുഷന്മാർ ഇല്ല. ദൈവം വെളിപ്പെടുത്തിയ പുതിയ നിയമ താളുകളിൽ എഴുതിയിരിക്കുന്നതാണ് നമുക്ക് ഉള്ളത് (2 കൊ. 1:13; എഫെ. 3:3-5).

ചില തിരുവെഴുത്തു ഭാഗങ്ങൾ മറ്റുള്ളവയെ പോലെ എളുപ്പത്തിൽ മനസിലാകുകയില്ല. പൗലൊസിന്റെ എഴുത്തുകളിൽ ചിലത് മനസിലാക്കുവാൻ പ്രയാസമാണെന്ന് പത്രൊസ് എഴുതിയിരിക്കുന്നു (2 പത്രൊ. 3:16). തിരുവെഴുത്തിനോട് ശരിയായ സമീപനം പുലർത്താത്തവർ യേശുവിനോട് ഏറ്റുമുട്ടിയ യെഹൂദന്മാരെ പോലെ ആകും. തിരുവെഴുത്തുകളെയും ദൈവശക്തിയെയും അവർ അറിയാത്തതുകൊണ്ടത്രെ തെറ്റിപ്പോകുന്നത് എന്നാണ് യേശു പറഞ്ഞത് (മത്താ. 22:29).

പാപക്ഷമാപണത്തിന് മനസിലാക്കൽ ആവശ്യമാണ്. വിതെക്കുന്നവന്റെ ഉപമയിൽ യേശു പറഞ്ഞു, "നല്ല വിത്ത് വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ട് ഗ്രഹിക്കുന്നത് ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നൽകുന്നു" (മത്താ. 13:23). വചനം കേട്ട് ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ

വന്ന് അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടത് എടുത്തുകളയുന്നതിനാലാണ് അവൻ നഷ്ടപ്പെട്ടുപോകുന്നത് (മത്താ. 13:19).

ദൈവജനത്തിന് ജ്ഞാനവും, വിവേകവും, പരിജ്ഞാനവും ആവശ്യമാണ്. നാം അത് നോക്കേണ്ടത്, ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും ഉറവിടവും നിക്ഷേപവുമായി ഗുപ്തമായിരിക്കുന്ന യേശുവിലാണ്.

**ദൈവത്തിനു യോഗ്യമായി നടക്കൽ (1:10)**

ദൈവത്തിന്നു യോഗ്യമായി ക്രിസ്ത്യാനികൾ നടക്കുന്നതിനും, അവനിൽ ഫലം കായ്ക്കുന്നതിനും, ശക്തി പ്രാപിക്കുന്നതിനും, അവർക്ക് ജ്ഞാനവും വിവേകവും പരിജ്ഞാനവും ആവശ്യമാണ്.

(1) *ദൈവമക്കൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവന്നു യോഗ്യമായി നടക്കണം.* ക്രിസ്ത്യാനികൾ എങ്ങനെ നടക്കണം എന്നു തിരുവെഴുത്തു കാണിച്ചു തരുന്നു:

- പകലിൽ (യോഹ. 11:9).
- ജീവന്റെ പുതുക്കത്തിൽ (റോമ. 6:4).
- വിശ്വാസത്താൽ (2 കൊ. 5:7).
- ക്രിസ്തീയ വിളിക്ക് യോഗ്യമായി (എഫെ. 4:1).
- സൽപ്രവൃത്തികളിൽ (എഫെ. 2:10).
- വെളിച്ചത്തിൽ (1 യോഹ. 1:7).
- യേശു നടന്നതുപോലെ ( (1 യോഹ. 2:6).
- അവന്റെ കൽപനകൾ അനുസരിച്ച് (2 യോഹ. 6).

നാം എങ്ങനെ നടക്കരുത് എന്നും തിരുവെഴുത്ത് കാണിച്ചു തരുന്നു:

- ദുഷ്ടന്മാരുടെ ആലോചനപ്രകാരം (സങ്കീ. 1:1)
- രാത്രിയിൽ അല്ലെങ്കിൽ ഇരുട്ടിൽ (യോഹ. 11:10; 12:35; 1 യോഹ. 1:6).
- ജഡത്തെ അനുസരിച്ച് (റോമ. 8:4; 2 കൊ. 10:2).
- ഈ ലോകത്തിന്റെ കാലഗതിയനുസരിച്ച് (എഫെ. 2:2).
- ജാതികൾ നടന്നതുപോലെ (എഫെ. 4:17).
- ദുർന്നടപ്പിൽ (കൊലൊ. 3:5-10).

നാം എവിടെ, എങ്ങനെ നടക്കുന്നു എന്നു ശ്രദ്ധിക്കണം. ഓരോ പാതയും വേറിട്ടതാണ്. ഇടുങ്ങിയതും ഞെരുങ്ങിയതും ആയ വഴി നിത്യജീവങ്കലേക്കുള്ളതാണ്, എന്നാൽ വീതിയും വിശാലവുമായ വഴി നാശത്തിലേക്കുള്ളതാണ് (മത്താ. 7:13, 14).

(2) *ക്രിസ്ത്യാനികൾ ഫലം കായ്ക്കണം.* ഫലം പുറപ്പെടുവിക്കുന്ന വൃക്ഷം, ഫലം പുറപ്പെടുവിച്ചില്ലെങ്കിൽ, അതുകൊണ്ട് പ്രയോജനമില്ല. അത്തി വൃക്ഷത്തിൽ ഫലം കാണാതിരുന്നതിനാലാണ് യേശു അത്തിയെ ശപിച്ചതും ഉണങ്ങിയതും (മത്താ. 21:19).

താൻ മുന്തിരിവള്ളിയും, അവന്റെ അനുയായികളായ നാം, കൊമ്പുകളുമാണെന്ന് യേശു പഠിപ്പിച്ചു. ഫലം കായ്ക്കാത്ത കൊമ്പുകളെ അവൻ വെട്ടിക്കളയും, എന്നാൽ നാം അവനിൽ വസിച്ചാൽ, അധികം ഫലം കായ്ക്കും,

അവനെ പിരിഞ്ഞ് നമുക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല (യോഹ. 15:1-6). നാം അധികം ഫലം കായ്ച്ചാൽ ദൈവത്തെ മഹത്വപ്പെടുത്തുകയാണ്, കാരണം അതാണ് നമ്മെ ഏൽപിച്ചിരിക്കുന്ന ജോലി (യോഹ. 15:8, 16). “ദൈവത്തിനു ഫലം കായ്ക്കുവാനായിട്ടാണ്” നമ്മെ ഒരു വിവാഹ ബന്ധത്തിൽകൂടെ, ക്രിസ്തുവിനോട് ബന്ധിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം (റോമ. 7:4).

ക്രിസ്ത്യാനികൾക്ക് രണ്ട് വിധത്തിലുള്ള ഫലം കായ്ക്കുവാൻ കഴിയുമെന്ന് പുതിയ നിയമം പറയുന്നു. ഒന്ന്, ആത്മിയ ഗുണങ്ങളായ “ആത്മാവിന്റെ ഫലങ്ങൾ” പുറപ്പെടുവിക്കണം (ഗലാ. 5:22). നമ്മുടെ വിശ്വാസത്തോട് കൂട്ടിച്ചേർത്തുകൊണ്ടാണ് നാം അവയെ വർദ്ധിപ്പിക്കേണ്ടത് (2 പത്രൊ. 1:5-7). അത്തരം ഗുണങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നവരെ ദൈവം അതിനായി ഒരുക്കി അവർക്ക് “നീതി എന്ന സമാധാന ഫലം ലഭിക്കും” (എബ്രാ. 12:11; ഫിലി. 1:11).

നഷ്ടപ്പെട്ടവരെ ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവരുന്നതാണ് രണ്ടാമത്തെ ഫലം. “നിത്യജീവങ്കലേക്ക് ഫലം” കൂട്ടി വെക്കുന്നവരാണ് ആത്മാക്കളെ നേടുന്നവർ എന്നു യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു (യോഹ. 4:36). പൗലൊസ് റോമയിലേക്ക് പോകുവാൻ അതിയായി ആഗ്രഹിച്ചതിന്റെ കാരണം എഴുതി, “എനിക്ക് ശേഷം ജാതികളിലെന്നപോലെ, നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്ന്”; “അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു” (റോമ. 1:13, 15). മറ്റുള്ളവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരുന്നത് “വേലക്ക് ഫലം” ഉണ്ടാകുന്നതാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (ഫിലി. 1:22).

യേശു നമ്മെ അവനോട് യോജിപ്പിച്ചത് നാം അവന് ഫലം പുറപ്പെടുവിക്കുവാനാണ്. ഇതിൽ നാം പരാജയപ്പെട്ടാൽ, അവൻ നമ്മെ രക്ഷിച്ചതിന്റെ ഉദ്ദേശം നാം നിറവേറ്റുന്നില്ല.

(3) *ക്രിസ്ത്യാനികൾ ബലപ്പെടേണ്ടതാണ്.* ശരിയായ ഭക്ഷണത്താലും വ്യായാമത്താലുമാണ് ഭൗതികമായ ജീവിതം ശക്തിപ്പെടുന്നത്. ആ തത്വം ക്രിസ്തീയ ജീവിതത്തിലും സത്യമാണ്. വളരുവാൻ സഹായകരമായ വചനത്തിനായി ക്രിസ്ത്യാനികൾ വാഞ്ഛിക്കണം (1 പത്രൊ. 2:2). ആത്മീയ ജീവിതത്തെ ശക്തിപ്പെടുത്തുന്നതാണ് ദൈവത്തിന്റെ വചനം (മത്താ. 4:4).

പിതാവിന്റേയും യേശുവിന്റേയും സഹായത്താലാണ് പ്രത്യേകമായ ശക്തി വരുന്നത് (2 തെസ്സ. 2:16, 17; 3:3; 1 പത്രൊ. 4:11; 5:10). യേശുവിനെക്കൂടാതെ നമുക്ക് “ഒന്നും ചെയ്വാൻ സാദ്ധ്യമല്ല” (യോഹ. 15:5). അവൻ തന്റെ വചനം മുഖാന്തരവും, സഹക്രിസ്ത്യാനികളുടെ ശുശ്രൂഷ നിമിത്തവുമാണ് സഹായം നൽകുന്നത് (ലൂക്കൊ. 22:32; പ്രവൃ. 15:32), പരിശുദ്ധാത്മാവിനാലും നമ്മുടെ ആന്തരികമായ മനുഷ്യനെ ശക്തിപ്പെടുത്തും (എഫെ. 3:16). ലോകത്തിലുള്ളതിനേക്കാൾ ശക്തി ക്രിസ്ത്യാനികൾക്കുണ്ട് (1 യോഹ. 4:4).

യേശുവിനുപോലും അവന്റെ ഏറ്റവും വലിയ പരീക്ഷാ സമയത്ത് സഹായം ആവശ്യമായിരുന്നു. അവൻ വേദനയേയും, ത്യജിക്കലിനേയും, ക്രൂശിലെ കഷ്ടതയെയും നേരിട്ടപ്പോൾ, ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപ്പോകേണമേ എന്ന് അവൻ പിതാവിനോട് അപേക്ഷിച്ചു. അവന്റെ ആവശ്യം നിഷേധിച്ചു എങ്കിലും, സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ വന്ന് അവനെ ശക്തിപ്പെടുത്തി (ലൂക്കൊ. 22:42, 43). നമ്മുടെ ജീവിതത്തിലും, വലിയ പരീക്ഷണങ്ങൾ നേരിടുമ്പോൾ നമുക്കും സഹായം ആവശ്യമായി വരും. റോമിൽ വെച്ച്

അവൻെറ ശുശ്രൂഷയിൽ അവനെ ക്രിസ്തു ശക്തിപ്പെടുത്തുമെന്ന് അവൻ പ്രതീക്ഷിച്ചു (1 തിമൊ. 1:12; 2 തിമൊ. 1:17). യേശു പൗലൊസിന് ജഡത്തിൽ ഒരു ശൂലം നൽകി, എന്നാൽ അത് അവന്റെ ബലഹീനതയിൽ അപ്പൊസ്തലനെ ശക്തിപ്പെടുത്തുവാൻ വേണ്ടിയായിരുന്നു (2 കൊ. 12:9, 10).

ദൈവത്തിന്റെ മഹത്വകരമായ ശക്തിയാൽ ക്രിസ്ത്യാനികളെ ശക്തിപ്പെടുത്തുന്നതിന്റെ ഫലമായി, അവർ സഹിഷ്ണുതയും, ദീർഘക്ഷമയും, സന്തോഷവും ഉള്ളവരാകേണ്ടതിന് ആ ഗുണങ്ങളുള്ളവർ ജീവിതത്തിൽ പൂർണ തൃപ്തിയുള്ളവരായിരിക്കും.

**ദൈവത്തെ പ്രസാദിപ്പിക്കുന്ന നടപ്പ് (1:10)**

ക്രിസ്ത്യാനികൾ പാപം ചെയ്കയും മാനസാന്തരപ്പെടാതിരിക്കയും ചെയ്താൽ, അവർ ദൈവ സ്വഭാവം പ്രതിഫലിപ്പിക്കുകയോ, കർത്താവിനു യോഗ്യമായി നടക്കുകയോ ചെയ്യുന്നില്ല. ആത്മീയ അദ്ധ്യക്ഷനായ ഒരാളുടെ മകനോ മകളോ ആ പിതാവിന്റെ സ്നേഹ ദിശയിൽ നടക്കുന്നതിനു പകരം വകതിരിവില്ലാതെ സഞ്ചരിച്ചാൽ അവനോ അവളോ ആ പിതാവിന് യോഗ്യമായി നടക്കുന്നില്ല. ദൈവം അവന്റെ മക്കളെന്ന് സന്തോഷത്തോടെ പറയത്തക്കവണ്ണമായിരിക്കണം ക്രിസ്ത്യാനികൾ ജീവിക്കുവാൻ (2 കൊ. 6:17, 18; 1 യോഹ. 3:1) അവർ ദൈവത്തെ വിളിക്കുവാൻ ലജ്ജിക്കയുമരുത് (എബ്രാ. 11:16). മറ്റു വിധത്തിൽ നടക്കുന്ന ക്രിസ്ത്യാനികൾ ദൈവത്തെ നിന്ദിക്കുന്നവരും (റോമ. 2:23, 24) അങ്ങനെയുള്ളവർ പരിശുദ്ധ പിതാവിന് അയോഗ്യമായി നടക്കുന്നവരുമാണ്.

**കർത്താവിൽ ഉള്ള ശക്തി (1:11)**

ഒരു ക്രിസ്ത്യാനിക്ക് തന്റെ ശക്തിയോടൊപ്പം ദൈവത്തിന്റെ ശക്തിയും ആവശ്യമാണ്. നമ്മുടെ ബലഹീനതയിൽ ആത്മാവ് തുണയായി നിൽക്കും. എന്നാൽ നാം നമ്മുടെ ഭാഗം ചെയ്യണം. ദൈവം സകലവും ചെയ്തു എന്നോ, താൻ സകലവും ചെയ്തു എന്നോ, പൗലൊസ് പറഞ്ഞില്ല. അവൻ പറഞ്ഞു, “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു” (ഫിലി. 4:13). അവൻ പ്രവർത്തിച്ചപ്പോൾ ദൈവം അവനിൽ പ്രവർത്തിക്കയായിരുന്നു. നാം നമ്മുടെ കഴിവനുസരിച്ച് കർത്താവിനു വേണ്ടി ചെയ്യുമ്പോൾ സഹായത്തിന് അവനെ ആശ്രയിക്കും. തൽഫലമായി, ദൈവം തന്റെ ഉദ്ദേശം നമ്മിൽ നിവർത്തിക്കും. പൗലൊസ് എഴുതി, “ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്” (ഫിലി. 2:13). “ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനക്കുന്നവനും ഏതുമില്ല” (1 കൊ. 3:7).

**യേശു മുഖാന്തരം യോഗ്യരായി (1:12–14)**

അവകാശത്തിന് ആ സഹോദരന്മാർ ഓഹരിക്കാരായതുകൊണ്ട് പൗലൊസ് നന്ദി പ്രകടിപ്പിച്ചു (വാ. 12). ഡോക്ടർമാർ, ഡെന്റിസ്റ്റ്കൾ, അഭിഭാഷകർ, അദ്ധ്യാപകർ, മറ്റ് പല വിധ ഉദ്യോഗസ്ഥരും അവരുടെ ജോലിക്ക് യോഗ്യമായ കോഴ്സുകൾ പൂർത്തിയാക്കേണ്ടത് ആവശ്യമാണ്. ആ യോഗ്യതകൾ ഭൗതികമായ ജോലിക്ക് നേട്ടമായി കാണുന്നു എങ്കിൽ, സ്വർഗ്ഗീയ ഓഹരിക്ക് അതല്ല മാനദണ്ഡം. ദൈവം നമ്മിൽ നിന്നും ആവശ്യപ്പെടുന്നതെല്ലാം നാം അവനി

ൽ ആശ്രയിച്ച് ശരിയായി അവനോട് പ്രതികരിക്കുന്നതിനു വേണ്ടിയാണ് (എബ്രാ. 5:8, 9; 11:6). പിതാവ് നമ്മെ യോഗ്യരാക്കുന്നത് യേശു കൈവരിച്ച നേട്ടം നിമിത്തമാണ്, അല്ലാതെ നമ്മുടെ വ്യക്തിപരമായ യോഗ്യത മുഖാന്തരമല്ല (എഫെ. 2:8, 9).

പിതാവിനാൽ അവകാശത്തിന് അർഹരായവരെ യേശുവിന്റെ രാജ്യത്തിൽ ആക്കി വെച്ചിരിക്കുന്നു (1:13). ക്രിസ്ത്യാനികൾക്ക് ഇരട്ട പൗരത്വമാണുള്ളത്: നാം ലോകത്തിലാണ്, പക്ഷെ ലോകത്തിനുള്ളവരല്ല (യോഹ. 17:11-18). നമ്മുടെ രണ്ട് പിതൃ ദേശങ്ങളും, കൂടുതൽ പ്രാധാന്യമുള്ളത്, ദൈവത്തിന്റെ നിത്യമായ, സ്വർഗ്ഗീയ രാജ്യത്തിലാണ്: "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു" (ഫിലി. 3:20). അക്കാരണത്താൽ, നാം ആത്മീയ രാജ്യത്തിലെ മക്കളായി ജീവിക്കണം. പത്രൊസ് എഴുതി,

> നിങ്ങളെ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ (1 പത്രൊ. 2:9, 10).

ഈ ലോകജീവിതത്തിനു ശേഷം, വിശ്വസ്തരായ ക്രിസ്ത്യാനികൾ നിത്യമായ ഭവനത്തിലേക്കു പോകും, നാം സ്വർഗ്ഗീയ രാജ്യത്തിലെ പൗരന്മാരായി കഴിഞ്ഞിരിക്കയാണ്. ഇപ്പോൾ, "നാം അന്യന്മാരും പരദേശികളുമാണ്" അതായത് നമ്മുടെ ആത്മീയ ദേശത്തിൽനിന്ന് അകന്നു കഴിയുമ്പോൾ "ജഡത്തിന്റെ മോഹങ്ങളെ ഉപേക്ഷിക്കണം" (1 പത്രൊ. 2:11).

കൊലൊസ്യർ അവരുടെ പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടത്. സ്വയമായിട്ടല്ല എന്ന് പൗലൊസ് തിരിച്ചറിഞ്ഞിരുന്നു; യേശുവാണ് അവർക്ക് പാപമോചനം നൽകിയത് (കൊലൊ. 1:14). തന്റെ വചനം മുഖാന്തരമാണ് യേശു നമ്മെ ശുദ്ധീകരിക്കുന്നത്. ആ ശുദ്ധീകരണവും പാപമോചനവും ലഭിക്കുവാൻ, നാം അവനി "ൽ" ആകണം. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുവാൻ, ക്രിസ്തുവിനോടുള്ള ബന്ധം തുടരുകയും ഉപയോഗപ്രദമായും, അവന് ഫലം പുറപ്പെടുവിക്കുന്നവരായും തീരണം.

### വെളിച്ചത്തിലുള്ള നമ്മുടെ അവകാശം (1:12-14)

ക്രിസ്ത്യാനികളുടെ വെളിച്ചത്തിലുള്ള അവകാശത്തിൽ ഇപ്പോഴത്തെ ജീവിതത്തിലെ ക്രിസ്തുവിന്റെ വളിച്ചവും ഈ ജീവിതത്തിനു ശേഷം സ്വർഗ്ഗത്തിലെ നന്മകളും ലഭിക്കും (1 പത്രൊ. 1:3, 4). ദൈവം തന്റെ പ്രിയ പുത്രന്റെ രാജ്യത്തിലേക്ക് ആക്കുന്നതും അനുഗ്രഹിക്കുന്നതും, ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കുന്നതും ദൈവമാണ് (കൊലൊ. 1:13). ഇവിടെ പറയുന്ന യോഗ്യത നേടിയെടുക്കാവുന്നതല്ല, എന്നാൽ മറ്റൊരാളുടെ പുത്രൻ മുഖാന്തരമാണ് ലഭിക്കുന്നത് (ഗലാ. 4:7). അവന്റെ മക്കളായി തീരുന്നത് വിശ്വാസത്താലും സ്നാനത്താലുമാണ് (ഗലാ. 3:26, 27).

(1) കൊലൊസ്യർ 1:13, 14-ൽ കൊലൊസ്യരെ ഇരുട്ടിന്റെ അധികാരത്തിൽ

നിന്നു വിടുവിച്ചു ക്രിസ്തുവിന്റെ രാജ്യത്തിലാക്കിയത് ദൈവമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഇരുട്ടിന്റെ അധികാരിയായ, സാത്താന്റെ പിടിയിൽ നിന്ന് ആളുകളെ മോചിക്കുവാൻ അവന് മാത്രമേ കഴിയുകയുള്ളു.

(2) ദുഷ്ടലോകത്തിൽ, സാത്താന്റെ രാജ്യത്തിൽനിന്ന്, ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് ക്രിസ്ത്യാനികളെ വിടുവിച്ചിരുന്നു (1 യോഹ. 5:19). അവർ ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ചവരും (റോമ. 13:12) അവയിൽ പങ്കാളികളാകുവാൻ മടിക്കുന്നവരുമാണ് (2 കൊ. 6:14; എഫെ. 5:11, 12). പൗലൊസ് എഴുതി, "മുമ്പെ നിങ്ങൾ ഇരുളായിരുന്നു, ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു" (എഫെ. 5:8); അവർ ഇരുളും രാത്രിയുമായിരുന്നു എന്നാൽ ഇപ്പോഴോ "വെളിച്ചത്തിന്റെ മക്കളും, പകലിന്റെ മക്കളും ആകുന്നു" (1 തെസ്സ. 5:4, 5). ഇരുളും വെളിച്ചവും തമ്മിലുള്ള പോരാട്ടം നിമിത്തം ക്രിസ്ത്യാനികൾ ഇരുട്ടിന്റെ അധികാരങ്ങളോട് പോരാടുവാൻ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കണം (എഫെ. 6:11, 12).

(3) വെളിച്ചമായ, യേശുവിനെ പിൻപറ്റിയാൽ മാത്രമേ ഇരുട്ടിലുള്ള നടപ്പ് ഒഴിവാകയുള്ളു (യോഹ. 8:12). ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർ വെളിച്ചത്തെ പകക്കുന്നവരും ഇരുട്ടിനെ സ്നേഹിക്കുന്നവരും ആണ് (യോഹ. 3:20). ഇരുട്ടിലുള്ളവർക്ക് ദൈവത്തോട് കൂട്ടായ്മയില്ല, എന്നാൽ വെളിച്ചത്തിലുള്ളവർക്ക് ദൈവത്തോട് കൂട്ടായ്മയുണ്ട്. (1 യോഹ. 1:6, 7). ഇവരാണ് വെളിച്ചത്തിന്റെ മക്കൾ (1 തെസ്സ 5:5).

(4) ഇപ്പോൾ സ്വർഗ്ഗത്തേയും ഭൂമിയേയും വാഴുന്നതാണ് ക്രിസ്തുവിന്റെ രാജ്യം (മത്താ. 28:18), അവന്റെ ഉയർത്തെഴുന്നേൽപ്പിനുശേഷം സ്വർഗ്ഗാരോഹണം ചെയ്ത് സ്വർഗ്ഗസ്ഥ പിതാവിന്റെ അടുക്കൽ പോയതു മുതൽ അത് ആരംഭിച്ചു (എഫെ. 1:20-23; 1 പത്രൊ. 3:22). ആ വാഴ്ച അവൻ മടങ്ങിവരുന്നതു

| | *സാത്താന്റെ രാജ്യം* | *ക്രിസ്തുവിന്റെ രാജ്യം* |
|---|---|---|
| പ്രവൃ. 26:18- | "ഇരുട്ട്"<br>"സാത്താന്റെ അധികാരം" | "വെളിച്ചം"<br>"ദൈവം"<br><br>"വിശുദ്ധന്മാർക്ക്.... വെളിച്ചത്തിലുള്ള അവകാശവും പാപ മോചനവും ലഭിക്കുന്നു." |
| 1 പത്രൊ. 2:9- | | "തിരഞ്ഞെടുക്കപ്പെട്ട ജാതി"<br>"പുരോഹിത വർഗ്ഗം"<br>"വിശുദ്ധ വംശം"<br>"ദൈവത്തിന്റെ സ്വന്ത ജനം" |
| 1 പത്രൊ. 2:10- | "ജനമല്ലാത്തവർ"<br>"കരുണ ലഭിക്കാത്തവർ" | "ജനമായവർ"<br>കരുണ ലഭിച്ചവർ" |

വരെ തുടർന്നുകൊണ്ടിരിക്കും. അന്ന് അവൻ രാജ്യം പിതാവിനെ ഏൽപ്പിച്ചു കൊടുക്കും (1 കൊ. 15:22-27) ഈ രണ്ട് അധികാരത്തിൻ കീഴിലുള്ളവരുടെ അവസ്ഥ വ്യത്യസ്തമായിരിക്കും.

ജാതികളെ ഇരുട്ടിൽ നിന്നും, സാത്താന്റെ അധികാരത്തിൽ നിന്നും വിടുവിച്ച് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുമ്പോൾ അവർക്ക് വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തോടുകൂടി പാപമോചനവും ലഭിക്കുവാൻ അവസരം ഒരുക്കുക എന്നതായിരുന്നു പൗലൊസിൻെറ ഉത്തരവാദിത്വം (പ്രവൃ 26:18) അങ്ങനെ അവരുടെ പാപം ക്ഷമിച്ചു കിട്ടിയപ്പോൾ അവരെ സാത്താന്റെ രാജ്യത്തിൽ നിന്ന് വിടുവിച്ചു യേശുവിന്റെ രാജ്യത്തിലാക്കി. അത് സംഭവിക്കുന്നത് ഒരാൾ സ്നാനമേൽക്കുമ്പോഴാണ് (പ്രവൃ. 2:38; 22:16), അതായത് അയാൾ വെള്ളത്താലും ആത്മാവിനാലും ജനിക്കുമ്പോൾ (യോഹ. 3:5; പ്രവൃ. 8:12).

പാപം ഷമിക്കപ്പെട്ടവരാണ് ക്രിസ്തുവിൽ ആകുന്നത് (കൊലൊ. 1:14). സ്നാനത്താലാണ് ഒരാൾ ക്രിസ്തുവിലേക്ക് ചേരുന്നത് (റോമ. 6:3; ഗലാ. 3:27), അപ്പോഴാണ് അയാൾ സാത്താന്റെ അധികാരത്തിൽ നിന്ന് ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുന്നത്.

**സന്തോഷത്തിലാകുന്നത് ശ്രദ്ധിക്കൽ (1:11, 12)**

ക്രിസ്ത്യാനിയുടെ ശ്രദ്ധയെ ആസ്പദമാക്കിയാണ് സന്തോഷിപ്പാനും സ്തോത്രം ചെയ്യുവാനും കഴിയുന്നത്. ഹൃദയത്തിൽ സന്തോഷവും നന്ദിയും നിറയത്തക്കവണ്ണം ഒരാൾക്ക് ചിന്തിക്കുവാൻ കഴിയും (ഫിലി. 4:8). അല്ലെങ്കിൽ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ച് നന്ദിയില്ലാതെ ദുഃഖിക്കുവാൻ കഴിയും. ഒരു പെൺകുട്ടി തന്റെ വളർത്തു നായയെ അപ്പൻ കുഴിച്ചിടുന്നത് ദുഃഖത്തോടെ നോക്കി നിന്നു. അപ്പോൾ അവളുടെ അമ്മ മറ്റൊരു ജനലിനടുക്കലേക്ക് കൊണ്ടുപോയി. അവിടെ മനോഹരമായ ഒരു റോസാ പുഷ്പം വിരിഞ്ഞു നിൽക്കുന്നത് അവളെ കാണിച്ചു കൊടുത്തു. അവളുടെ ദുഃഖത്തിന് മാറ്റം വരികയിൽ അവളുടെ ചിന്ത മാറിയതിനാൽ സന്തോഷം ഉണ്ടാകുകയും ചെയ്തു. ക്രിസ്ത്യാനികളായ നമുക്ക് ശരിയായ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചാൽ, സന്തോഷിപ്പാനും നന്ദിചെലുത്തുവാനും കഴിയും.

**ക്രിസ്തുവിന്റെ രാജ്യത്തിലാക്കി (1:13)**

രക്ഷിക്കപ്പെടുവാൻ നഷ്ടപ്പെട്ടവർ ദൈവത്തിന്റെ വചനം കൈക്കൊള്ളുകയും ആ ഉപദേശം വിശ്വസിക്കയും, അനുസരിക്കുകയും വേണം. അപ്പോൾ തന്നെ. ദൈവം നഷ്ടപ്പെട്ടവരെ തന്റെ പുത്രന്റെ രാജ്യത്തിലാക്കിവെക്കും എന്നാണ് ലൂക്കൊസ് വെളിപ്പെടുത്തിയത്. "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം എറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" (പ്രവൃ. 2:41). രക്ഷിക്കപ്പെടുന്നവരെ കർത്താവാണ് സഭയോട് ചേർത്തുകൊണ്ടിരുന്നത്; "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" (പ്രവൃ. 2:47).

---

കുറിപ്പുകൾ

[1]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമൊൻ*, ന്യൂടെസ്ററമെന്റ് കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്

ഹൗസ്, 1964), 56. [2]നോക്കുക. റോമ. 1:10; 2 കൊ. 13:7, 9; എഫെ. 1:16; ഫിലി. 1:4; 1 തെസ്സ. 1:2; 2 തെസ്സ 1:11; 2 തിമൊ. 1:3; ഫിലെ. 4. [3]നോക്കുക റോമർ. 15:30; 2 കൊ. 1:11; ഫിലി 1:19; 1 തെസ്സ. 5:25; 2 തെസ്സ. 3:1; ഫിലെ. 22. [4]നോക്കുക യോഹ. 12:3; പ്രവൃ. 5:3; റോമ. 1:19; ഫിലി. 4:18. [5]നോക്കുക. റോമ. 6:4; 1 കൊ. 7:17; 2 കൊ. 5:7; 10:3; ഗലാ. 5:16; 6:16; എഫെ. 2:10; 5:2, 8; കൊലൊ. 2:6; 1 തെസ്സ. 2:12; 4:1. [6]നോക്കുക. റോമ. 5:2; 11:20; 14:4; 1 കൊ. 15:1; 16:13; എഫെ. 6:11, 13, 14; ഫിലി. 4:1; കൊലൊ 4:12; 1 തെസ്സ 3:8; 2 തെസ്സ 2:15. [7]ആളുകളെ പ്രസാദിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് മത്തായി 14:6; മർക്കൊസ് 6:22; പ്രവൃത്തികൾ 6:5; റോമർ 15:1, 2; 1 കൊരിന്ത്യർ 7:33, 34; 10:33; ഗലാത്യർ 1:10; 1 തെസ്സലോനിക്യർ 2:4. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് റോമർ 8:8; 1 കൊരിന്ത്യർ 7:32; 1 തെസ്സലൊനിക്യർ 2:4, 15; 4:1. [8]എ. ടി. റോബർട്ട്സൺ, *പോൾ ആന്റ് ദ ഇന്റെലക്ചൽസ് ദ എപ്പിസ്റ്റൽസ് റ്റു ദ കൊലൊഷ്യൻസ്,* റവ. ആന്റ് എഡി. ഡബ്ലിയു. സി. സ്ട്രിക്ക്ലാന്റ് (നാഷ്‌വിലേ: ബ്രോഡ്മാൻ പ്രസ്സ്, 1959), 36. [9]എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റൽസ് റ്റു ദ കൊലൊഷ്യൻസ് ആന്റ് റ്റു ഫിലെമോൻ,* ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളെജസ് (കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രസ്, 1893; റീപ്രിന്റ്, 1902), 73. [10]*ദ ഗ്രീക്ക് ന്യുടെസ്റ്റമെന്റ്,* 4ത് റവ. എഡി. ബാർബറ അലാന്റ്, കർട്ട് അലാന്റ്, ജോഹനസ് കരാവിദോപൗലൊസ്, കാർലൊ എം. മാർട്ടിനി, ആന്റ് ബ്രൂസ് എം. മെറ്റ്സ് ജെർ (സ്റ്റട്ട്ഗാർട്ട്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1998).

[11]ജെ. ബി. ലൈറ്റ് ഫുട്ട്, *സെന്റ് പോൾസ് എപ്പിസ്റ്റൽസ് റ്റുദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ.* റവ. (ലണ്ടൻ: മാക്മില്ലൻ ആന്റ് കമ്പനി., 1916), 139. [12]റോബർട്ട് ജി. ബ്രാച്ചർ ആന്റ് യുജിൻ എ നിഡ. *എ ട്രാൻസ്‌ലേറ്റേഴ്സ് ഹാന്റ് ബുക്ക് ഓൺ പോൾസ് ലറ്റേഴ്സ് റ്റു ദ കൊലൊഷ്യൻസ് ആന്റ് റ്റു ഫിലെമോൻ,* ഹെൽപ്പ്സ് ഫോർ ട്രാൻസ്‌ലേറ്റേഴ്സ് (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1977), 20. [13]മൗൾ, 76. [14]ബ്രാച്ചർ ആന്റ് നിഡ, 20. [15]ഇ. കെ. സിംസൺ ആന്റ് എഫ്. എഫ്. ബ്രൂസ്സ്, *കമന്ററി ഓൺ ദ എപ്പിസ്റ്റൽസ് റ്റു ദ എഫെഷ്യൻസ് ആന്റ് ദ കൊലൊഷ്യൻസ്,* ദ ന്യൂ ഇന്റർനാഷ്ണൽ കമന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻ'സ് പബ്ലിഷിങ് കമ്പനി., 1957), 191. [16]ഇബിഡ്., 189–90.